* 49210 കാർഷിക കണക്ഷനും 10134 വ്യാവസായിക കണക്ഷനും 606540 ഗാർഹിക ഗാർഹികേതര കണക്ഷനുകളും നൽകി.
* 2460 കി. മി. 11 കെ. വി. ലൈനും 15402 കി. മി. എൽ ടി ലൈനും വലിച്ചു.
* 3053 ട്രാൻസ്ഫോർമറുകളും 55633 തെരുവ് വിളക്കുകളും സ്ഥാപിച്ചു.
* 1418 പട്ടികജാതി/പട്ടികവർഗ്ഗ കോളനികളും 108 ട്രൈബൽ കോളനികളും വൈദ്യുതീകരിച്ചു.
* ബോർഡിന്റെ ചരിത്രത്തിൽ റിക്കാർഡ് വൈദ്യുത ഉല്പാദനം നടത്തി (6193 ദശലക്ഷം യൂണിറ്റ്)
* ഗാർഹിക ഉപയോഗത്തിന് 20 യൂണിറ്റ് വരെ വൈദ്യുതി സൗജന്യം
* പുതിയ വ്യവസായങ്ങൾക്ക് ആദ്യത്തെ അഞ്ച് വർഷം വൈദ്യുതി നിരക്കിൽ ഇളവ്.

പബ്ലിക് റിലേഷൻസ്, കെ. എസ്. ഇ. ബോർഡ്

വിദ്യാഭ്യാസവും സമൂഹവും

സി. ജോർജ്ജ്, ബി.എ., ബി. റ്റി
(ഭാരത സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് അസി. സ്റ്റേറ്റ് കമ്മീഷണർ)

ഒരു രാഷ്ട്രത്തിൻെറ സമസ്ത പുരോഗതിയുടേയും കേന്ദ്രബിന്ദു ആ രാജ്യത്തെ വിദ്യാഭ്യാസത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്. വിദ്യാഭ്യാസം കൊണ്ട് നാം ഉദ്ദേശിക്കുന്ന് വിദ്യാർത്ഥിയുടെ വ്യക്തിപരവും, സാമൂഹ്യവുമായ എല്ലാ കഴിവുകളേയും വളർത്തുകയും മൂല്യ നിർണ്ണയം നടത്തുകയുമാണ്.

സമൂഹത്തിൻെറ പുരോഗതി അവിടുത്തെ വിദ്യാഭ്യാസം എങ്ങിനെ സംവിധാനം ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. എല്ലാ പഠിപ്പുകളുടേയും ലക്ഷ്യം മനുഷ്യനെ ഉയർത്തുക എന്നതാണ്. ഒരു വ്യക്തിയുടെ വ്യക്തിത്വവികസനത്തിനും അയാളുടെ സാമൂഹികധർമ്മം നിറവേകുന്നതിനും പര്യാപ്തമായ ഒരു വിദ്യാഭ്യാസരീതിവേണം. സാമൂഹ്യപുരോഗതികൊണ്ട് ഉദ്ദേശിക്കുന്നത് സാർവ്വത്രികമായ സാക്ഷരത്വം, തൊഴിൽ സുരക്ഷിതത്വം സാമ്പത്തിക സമീകരണം ഇവയാണ്.

മനുഷ്യബന്ധങ്ങൾ ഭൗതിക ജീവിതവുമായി ബന്ധപ്പെട്ടിരിക്കുകയാണ്. ഇന്ന് സമൂഹം എവിടെ നിൽക്കുന്നു. അതിനെ എവിടെ എത്തിക്കണം എന്ന വ്യക്തമായ ബോധത്തോടുകൂടി പാഠപദ്ധതിയും വിദ്യാഭ്യാസ സമ്പ്രദായവും ക്രമീകരിക്കണം.

നാളത്തെ ഭാരതം ക്ലാസ്സുമുറികളിൽ രൂപംകൊള്ളുന്നു എന്ന് കോത്താരികമ്മീഷൻെറ വാചകം സാക്ഷാത്കരിക്കപ്പെടണം.

മനുഷ്യൻ കൂട്ടംകൂട്ടമായി താമസിക്കുന്നതുകൊണ്ട്, അവർ തമ്മിൽ പല രൂപത്തിലും ഭാവത്തിലും വളർന്നു വന്നിട്ടുള്ള ബന്ധങ്ങളെ അതുകുറിക്കുന്ന സമൂഹം എന്ന സങ്കൽപ്പത്തിൽ മനുഷ്യർ തമ്മിലുള്ള എല്ലാ ബന്ധങ്ങളും ഉൾപ്പെടുന്നു.

സമൂഹത്തിൻെറ അംഗമെന്ന നിലയിൽ തൻെറ കർത്തവ്യം ഏറ്റവും ഭംഗിയായി നിർവ്വഹിക്കുന്നതിന് ഓരോ വ്യക്തിയേയും പ്രാപ്തനാക്കുക എന്നതാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. ഒരു ജനതയുടെ പാരമ്പര്യത്തേയും വർത്തമാന ജീവിതത്തേയും ആരോഗ്യപരമായി ബന്ധിപ്പിക്കണം. ആ ഭൂമിയിൽ നിന്നുകൊണ്ടു മാത്രമേ ഭാവിയിലേക്ക് അവന്ന് കാലൂന്നുവാൻ സാധിക്കുകയുള്ളൂ. നമ്മുടെ പ്രഖ്യാപിതലക്ഷ്യം സോഷ്യലിസമാണെങ്കിലും സോഷ്യലിസത്തിലേക്കുള്ള പ്രയാണം ത്വരിതപ്പെടുത്തുന്ന രീതിയിലല്ല നമ്മുടെ വിദ്യാഭ്യാസം സംവിധാനം ചെയ്തിരിക്കുന്നത്.

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ന്യൂനതകൾ വളരെയാണ്. പലതരം പൗരന്മാരെ സൃഷ്ടിക്കാൻ മാത്രം ഉതകുന്നതാണ് നമ്മുടെ വിദ്യാഭ്യാ

സം. ഇ [illegible], ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ, പ്രാദേശിക ഭാഷകളിൽ മാത്രം പഠനം നടത്തുന്ന സ്ക്കൂളുകൾ ഇവ ജനതയെ പല തട്ടിൽ നിർത്തുവാൻ സഹായിക്കുന്നവയാണ് ഇത്തരം സ്ക്കൂളുകൾ താൻ ജീവിക്കുന്ന സമൂഹമായും സാമൂഹ്യപ്രശ്നങ്ങളുമായും അവർക്ക് യാതൊരു ബന്ധവുമില്ല. സാമൂഹിക പുരോഗതിയിൽ അവർക്ക് എന്തു ചെയ്യുവാൻ കഴിയും?

കക്ഷിരാഷ്ട്രീയത്തിൻേറയും മതത്തിൻേറയും പിടിയിൽനിന്നും വിദ്യാഭ്യാസം മോചിതമാകണം. കക്ഷിരാഷ്ട്രീയത്തിൻെറ ഇടുങ്ങിയ അതിർവരമ്പുകൾക്കപ്പുറം രാജ്യത്തേയും ജനങ്ങളേയും കാണാനുള്ള ഒരു നേതൃത്വത്തിനു മാത്രമേ ഫലപ്രദമായി വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.

അദ്ധ്യാപകർ വിദ്യാഭ്യാസരംഗത്തെ ശക്തരായ വിഭാഗമാണ്. ഏതുതരം വിദ്യാഭ്യാസവും കാര്യമായി നടപ്പിലാക്കേണ്ടത് അദ്ധ്യാപകരാണ്. അദ്ധ്യാപകൻെറ വ്യക്തിത്വം എത്രമാത്രം ഉയർന്നിരിക്കുന്നുവോ അതനുസരിച്ച് വിദ്യാർത്ഥികളിൽ അൽഭുതകരമായ പരിവർത്തനങ്ങൾ വരുത്തുവാൻ അദ്ധ്യാപകന് കഴിയും. ഒരു കക്ഷിയുടേയോ, പ്രസ്ഥാനത്തിൻേറയോ മാത്രം വ്യക്താവായിത്തീരുന്ന അദ്ധ്യാപകന് തൊഴിൽ രംഗത്തും, സാമൂഹ്യ പ്രവർത്തന രംഗത്തും നീതിപാലിക്കാൻ സാധിക്കാതെ വരും. കുട്ടികളിൽ സേവനശീലവും, ദീനാനുകമ്പയും, തൊഴിൽ മാന്യതയും, അദ്ധ്വാനവും വളർത്തിയെടുക്കാൻ വിദ്യാർത്ഥികളുടെയും, പൗരന്മാരുടെയും സഹകരണത്തിൽ പഠനക്ലാസ്സുകൾ, സെമിനാറുകൾ, തൊഴിൽ പരിശീലനങ്ങൾ, ക്ലാസുകൾ ഇവ സംഘടിപ്പിക്കണം. അങ്ങനെ വിദ്യാർത്ഥികൾ സമൂഹവുമായി ബന്ധപ്പെടും.

ഭാഷ, പ്രാദേശികത്വം, മതം, ജാതി ഇവയുടെ പേരിൽ ഇന്ത്യയിലുടനീളം ശിഥിലീകരണ പ്രവണത ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദേശീയ ഐക്യം നിലനിർത്താൻ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

രാഷ്ട്രീയ സാമൂഹ്യ സമത്വം അംഗീകരിച്ചുകൊണ്ടുള്ള ഒരു പുതിയ സമൂഹത്തിനു ജന്മം നൽകുകയെന്ന ബാധ്യത നമുക്കുണ്ട്. ആത്മനിയന്ത്രണം, സഹിഷ്ണുത, പരസ്പര, ധാരണ തുടങ്ങിയ മൂല്യങ്ങളിൽ രൂഢമൂലമാക്കിയെങ്കിൽ മാത്രമേ ജനാധിപത്യം സുരക്ഷിതപ്പെടുകയുള്ളൂ.

മനുഷ്യൻ സാമൂഹ്യജീവിയാണ്. ഓരോവ്യക്തിയും സ്വന്തം ലക്ഷ്യം നേടാൻ ശ്രമിക്കുന്നതിനോടൊപ്പം സമൂഹത്തിനോടുള്ള കടപ്പാടും നിർവഹിക്കണം സമസൃഷ്ടണത്തോടുള്ള ചുമതല വളരെ വലുതാണ്. ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക (Live and let to live) എന്നുള്ളത് ജീവിത മുദ്രവാക്യമായി അംഗീകരിക്കണം. നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനെ സ്നേഹിക്കുക (Love thy neighbour as thyself) ഈ സന്ദേശം ജീവിതത്തിൽ പ്രവർത്തികമാക്കണം. ദുഷ്പരിചയങ്ങൾ ശീലിക്കാതിരിക്കുക, ദുഷിച്ച കൂട്ടുകെട്ടിൽ ഉൾപ്പെടാതിരിക്കുക, കുട്ടികൾക്ക് സമൂഹത്തിൽ നിന്നും പലതും പഠിക്കാനുണ്ട്. ചിട്ടയായുള്ള ജീവിതം, ഉൽസാഹമായ പഠനം, മര്യാദയായ പെരുമാറ്റം, മനുഷ്യബോധത്തോടുകൂടിയ പരിശ്രമം, മറ്റുള്ളവരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക, കുട്ടികൾ എപ്പോഴും മുതിർന്നവരെ അനുകരിക്കാനും അനുസരിക്കാനും തയ്യാറാണ്.

സമീകൃതമായ വിദ്യാഭ്യാസ പദ്ധതിയിൽ ശാരീരികവും, ബുദ്ധിപരവും, മാനസികവും, ധാർമ്മികവും, കലാപരവും, സാമൂഹ്യവും, സാംസ്കാരികവും, വ്യക്തിപരവും, തൊഴിൽപരമായ കാര്യങ്ങളും, വളർന്നു വികസിക്കുവാൻ പോരുന്ന വസ്തുക്കളും തീർച്ചയായും വേണ്ട തോതിൽ ഉൾപ്പെടുത്തിയിരിക്കണം.

പദ്ധതികളുടെ രൂപീകരണം കൊണ്ടു മാത്രമല്ല മാതാപിതാക്കളുടേയും, അദ്ധ്യാപകരുടേയും, ഗവൺമെൻറിൻേറയും, വിദ്യാർത്ഥികളുടെയും യോജിച്ചുള്ള പ്രവർത്തനംകൊണ്ടു മാത്രമേ പരിപാടികൾ വിജയിക്കുകയുള്ളൂ. മാതാപിതാക്കൾ, വീടിൻെറ അന്തരീക്ഷം, രാഷ്ട്രീയം, കൂട്ടുകാർ, ഇവയെല്ലാം കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. വീട്ടിലെ സാഹചര്യമാണ് കുട്ടികളുടെ ഭാവി ഭാഗധേയം നിർണ്ണയിക്കുന്നത്. കുട്ടി ആരായിരിക്കണം? ചെറുപ്പം മുതൽ തന്നെ ലക്ഷ്യബോധമുള്ളവരായി കഠിനാധ്വാനം ചെയ്തു ജീവിക്കം.

കുട്ടികളുടെ വിനോദം എപ്പോഴും ജോലിയും കളിയും ചേർന്നതാണ്. കളിച്ചുകൊണ്ട് പഠിക്കുകയും ജോലിച്ചെയ്യുകയും ജോലി ചെയ്തുകൊണ്ട് കളിക്കുകയും പഠിക്കുകയും ചെയ്യുന്നു. കുട്ടികൾക്ക് ഒന്നിച്ചുള്ള കളികൾകൊണ്ട് ആത്മവിശ്വാസവും ധൈര്യവും അച്ചടക്കവും അനുസരണവും ഉണ്ടാവുന്നു. കുട്ടികൾ പ്രകൃതി പഠനങ്ങൾ നടത്തുന്നതും ചെടികളേയും വളർത്തുമൃഗങ്ങളേയും സംരക്ഷിക്കുന്നതും അടുക്കളത്തോട്ടങ്ങളിൽ കഴിയുന്ന ജോലികൾ ചെയ്യുന്നതും അവരുടെ അറിവിൻെറ വ്യാപ്തിയും നിരീക്ഷണപാടവവും വർദ്ധിപ്പിക്കുന്നു. കാര്യകാരണസഹിതം ചുറ്റുമുള്ള പ്രകൃതിവസ്തുക്കളെ പരിചയപ്പെട്ട് വിദ്യാഭ്യാസപൂർണ്ണതയ്ക്ക് സഹായിക്കുന്നു.

ജനാധിപത്യയുഗത്തിൽ നാം ജീവിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾ ജനാധിപത്യഭരണ സംവിധാനത്തെപ്പറ്റിയും രാഷ്ട്രീയത്തെപ്പറ്റിയും പഠിക്കണം. എന്നാൽ പഠനം ഉപേക്ഷിച്ചും, ലക്ഷ്യബോധം മറന്നും രാഷ്ട്രീയത്തിൽ പ്രവർത്തിക്കരുത്. ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷം വിദ്യാർത്ഥികളുടെ ജീവിതത്തിൽ വലിയ സ്വാധീനം സൃഷ്ടിച്ചിട്ടുണ്ട്. രാഷ്ട്രീയ പ്രേരിതങ്ങളായ സമരങ്ങൾ നടത്തുന്നതിനും പൊതുമുതൽ നശിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ കരുവാക്കുന്നു. എല്ലാ രാഷ്ട്രീയ കക്ഷികളും ഒന്നിച്ച് ചിന്തിച്ച് ഒരു പരിഹാരമാർഗ്ഗം കണ്ടെത്തണം.

ടി. വി, റേഡിയോ, നാടകങ്ങൾ, സിനിമ ഇവ മാനരാശിയുടെ ഉന്നമനത്തിനും വിജ്ഞാന വളർച്ചയ്ക്കും സഹായകമാകണം. കള്ളക്കടത്ത്, മോഷണം, കൊലപാതകം, മദ്യപാനം, പുകവലി ഇവ സിനിമയിൽ നിന്നും ജീവിതത്തിലേക്ക് പകർത്തി നശിക്കുന്ന കുറേപ്പേരെയും സമൂഹത്തിൽ കാണാം.

ഗ്രന്ഥങ്ങൾ, പത്രങ്ങൾ, മാസികകൾ, വാരികകൾ ഇവ വിദ്യാഭ്യാസരംഗത്ത് വിലപ്പെട്ട പരിവർത്തനങ്ങൾ വരുത്തുന്നു. സമൂഹത്തിൻെറ പ്രതിഫലനം ഈ മാധ്യമങ്ങളിൽ കൂടി വിദ്യാഭ്യാസരംഗത്ത് ദർശിക്കാൻ കഴിയും.

വിവിധസ്ഥലങ്ങൾ, വിവിധ രാജ്യങ്ങൾ ഇവ സന്ദർശിച്ച് അവിടുത്തെ വിദ്യാഭ്യാസസമ്പ്രദായം, ആചാര്യമര്യാദകൾ, വ്യവസായിക, കാർഷിക പുരോഗതി ഇവ മനസ്സിലാക്കി നമുക്കും വളരുന്നതിനും നല്ലതു സ്വീകരിക്കുന്നതിനും സാധിക്കും.

അജ്ഞതയ്ക്കും അനീതിക്കും അന്ധവിശ്വാസത്തിനും എതിരായി ഉണർന്നു പോരാടുവാൻ ഇല്ലാത്തവൻെറ നൊമ്പരങ്ങളിൽ അലിഞ്ഞുചേരാൻ കഴിയുന്ന മറ്റുള്ളവരുടെ വിചാരവികാരങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന ഒരു മനുഷ്യസ്നേഹിയായി – യഥാർത്ഥ മനുഷ്യനായി വളരാൻ – ഭാരതത്തിൻെറ നിർമ്മാണപ്രവർത്തനങ്ങളിൽ ആയിരങ്ങളോടൊപ്പം പങ്കുചേരാൻ സമത്വസുന്ദരമായ ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ വളർന്നുവരുന്ന തലമുറയ്ക്ക് ശരിയായ വിദ്യാഭ്യാസം നൽകി വളർത്തിയെടുക്കുവാൻ സമൂഹത്തിനു കഴിയണം. നമ്മുടെ വിദ്യാർത്ഥികൾ സമൂഹത്തിൽ നിന്നും നല്ലതുകണ്ട് മനസ്സിലാക്കി പഠിച്ച് സ്വരാജ്യ സ്നേഹികളായി. ജീവിതവിശുദ്ധയുള്ളവരായി, ലക്ഷ്യബോധമുള്ളവരായി, ഉന്നതന്മാരായി – ലോകപൗരന്മാരായി വളർന്നുവരുവാൻ നമുക്ക് ഒറ്റക്കെട്ടായി പരിശ്രമിക്കം. ഈശ്വരൻ അതിനു നമ്മെ സഹായിക്കട്ടെ. ●

നാമൊക്കെ ലോകത്തിനു മുമ്പിൽ കടക്കാരനാണെന്ന് ഓർത്തുകൊള്ളണം. ലോകം നമുക്കൊന്നും തരാനില്ല, അപ്പോൾ ലോകത്തിന്നുവേണ്ടി വല്ലതും ചെയ്യാനിടയാകുക എന്നത് വലിയൊരു ബഹുമതിയാണ്. ലോകത്തെ സഹായിക്കുന്നതുവഴി നാം നമ്മെത്തന്നെ സഹായിക്കുകയാണ് ചെയ്യുന്നത്.

– സ്വാമി വിവേകാനന്ദൻ

ഭാഷാപഠനത്തിൻെറ ഗതികേട്

സുകുമാർ അഴീക്കോട്

മുമ്പു ഞങ്ങളൊക്കെ പഠിപ്പുതുടങ്ങിയ കാലത്ത് ഞങ്ങളുടെ വിദ്യാഭ്യാസപരിപാടിക്ക് തുടക്കം കുറിച്ചിരുന്ന ആ തനിപ്പഴഞ്ചൻ മന്ത്രമാണ് ഹരിഃ ശ്രീഃ ഗണപതയേ നമഃ എന്നത്. എങ്കിലും അതിൻെറ മന്ദ്രമായ പ്രതിധ്വനി ആവിഷ്കൃതമായ ഒരു ഹൃദ്യപദം ഷോലെ, ഇന്നും മനസ്സിൽത്തങ്ങി മുടങ്ങി നിൽക്കുന്നു. നിലത്തെഴുത്തിൻെറ തുടക്കമാണ് അത്. വിദ്യാരംഭത്തിന് നിലത്തെഴുത്തെന്നുള്ള ആ തനി നാടൻ പേര് എത്ര അർത്ഥമധുരമായിരിയ്ക്കുന്നില്ല! കാളിദാസൻെറ യക്ഷനെപ്പോലെ സ്വപ്നലോകത്തിൽവെച്ച് ആകാശത്തിലെഴുതിയിട്ട് വിദ്യ ആരംഭിക്കുവാൻ ഇന്നു പ്രായസമേതുമില്ല. ടെലിവിഷൻ വരെ ഇന്നു വിദ്യാകാര്യം എത്തിയിട്ടുണ്ടല്ലോ. ഇന്നത്തെപ്പോലെ എഴുത്തു സൗകര്യവും പ്രയോഗപ്രാചുര്യവും മുൻനിർത്തിക്കൊണ്ട് അക്ഷരങ്ങളെ മാലക്രമം തെറ്റിച്ച് പെറുക്കിയെടുത്തു 'ശാസ്ത്രീയമായി' പഠിപ്പിച്ചിരുന്ന കാലമല്ലായിരുന്നു അത്. അക്ഷരങ്ങൾ മാലാരൂപത്തിൽ യോഗസംയോഗഭേദങ്ങളോടെ, മണലിൽ കൊച്ചു വിരലുന്നിയെഴുതിത്തന്നെ അന്നു പഠിച്ചേ തീരൂ. എന്നിട്ടും ഞങ്ങളെ അക്ഷരമാലാക്രമം തെറ്റിച്ച് ആദ്യം എഴുതാൻ പഠിപ്പിച്ചിരുന്നത് ഈ പ്രാർത്ഥനയാണ് –' ഹരിഃ ശ്രീഃ ഗണപതയേ-നമഃ ഈ നമസ്ക്രിയയുടെ ശബ്ദാർത്ഥമഹിമയെക്കുറിച്ചൊന്നും ഞാനിവിടെ പറയുന്നില്ല. എങ്കിലും കാലം മാറിപ്പോയിട്ടും ഇന്ന് അദ്ധ്യാപകൻ എത്തിച്ചേർന്നിരിയ്ക്കുന്നത്, വിഘ്നശാന്തിയ്ക്കായി ഗണപതിയെ പ്രാർത്ഥിക്കേണ്ടിവരുന്ന ഒരു കാലത്താണെന്നുള്ളത് നല്ല തമാശയായി ത്തോന്നുന്നു

സംവേദന വികാസവും ഭാഷയും

ഭാഷയ്ക്കും സാഹിത്യത്തിനും പൗരസ്ത്യപദ്ധതിയിൽ പ്രമുഖമായ സ്ഥാനമുണ്ടായിരുന്ന ശതാബ്ദദീർഘമായ ഒരു വിദ്യാഭ്യാസരീതിയുടെ മങ്ങിയ ഓർമ്മപോലെ ഈ പ്രാർത്ഥനാപദ്യം, വിദ്യാഭ്യാസത്തിനു പിന്നീടു വന്നുചേർന്ന വിജ്ഞാനപരമായ അനുകൂല വികാസത്തിൻെറ നവയുഗത്തെ സ്വാഗതം ചെയ്യണമോ മറയ്ക്കണമോ എന്നു നിശ്ചയമില്ലാതെ ഞങ്ങളുടെ കാലത്തു കൊച്ചു വിദ്യാർത്ഥികളുടെ നാവിൻതുമ്പത്തും ചഞ്ചലഭംഗിയോടെ കളിയാടുകയായിരുന്നു. സാംസ്കാരികവിഷയങ്ങൾക്കോ ശാസ്ത്രീയ വിഷയങ്ങൾക്കോ പ്രാമുഖ്യം വേണ്ടതെന്നാണ് വിദ്യാഭ്യാസരംഗത്തിലെ പ്രശ്നങ്ങളിലൊന്ന്. ഓരോ കാലവും ഈ ചോദ്യത്തിന് സ്വന്തം ലക്ഷ്യങ്ങളുടെ വെളിച്ചത്തിൽ ഉത്തരം കണ്ടുപിടിക്കുകയാണ് വേണ്ടത്. ഇരുപതാം നൂറ്റാണ്ട് ശാസ്ത്രജ്ഞാനത്തിൻെറ യുഗമാണെന്ന് കണ്ട്, പടിഞ്ഞാറെന്നതു പോലെ കിഴക്കും ആളുകൾ ശാസ്ത്രത്തെ പാഠ്യപദ്ധതിയിൽ, പണ്ട് ആര്യന്മാർ അഗ്നിയെ പുരോഹിതനായി പൂജിച്ചതുപോലെ, പ്രാഥമ്യപ്രാമുഖ്യങ്ങൾ നല്കി സമാദരിച്ചു. ഒരു സംഗതി മാത്രം, പക്ഷേ, ഈ 'പുരോഹിത' പ്രതിഷ്ഠാകർമ്മത്തിനിടയിൽ ധുരന്ധരന്മാർ മറന്നുപോയി. ശാസ്ത്രം പുരോഗമിക്കുന്നതോടൊപ്പം മനുഷ്യർക്കിടയിലുള്ള സമ്പർക്ക സംസർഗ്ഗങ്ങളുടെ ആവശ്യങ്ങൾ വർദ്ധിച്ചുവരികയായിരുന്നു. മനുഷ്യരുടെ സംവേദനം എവിടെയുണ്ടോ അവിടെ ഭാഷ കടന്നുവരും. അങ്ങനെ ശാസ്ത്രത്തിൻെറ യുഗത്തിൽ ഭാഷയുടെ പ്രാധാന്യം ഒട്ടും കുറയുകയുണ്ടായില്ല. ബഹുജനമാധ്യമങ്ങളുടെ അതിവിപുലമായ പ്രയോഗം വഴി ലോകത്തിൻെറ വിചാരസംഭവ കേന്ദ്രങ്ങളോട് ഓരോ വ്യക്തിയും നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന ഒരു കാലഘട്ടമാണിത്. ഭരണം, തൊഴിൽ, വ്യവസായം ഇവയിലെല്ലാം ഭാഷയുടെ ബഹുലവും വിപുലവുമായ ഉപയോഗം വികസ്വരമായിക്കൊണ്ടു വരുന്നു. പാഠ്യപദ്ധതികളുടെ ആസൂത്രകന്മാർ ഈ വലിയ ലോകത്തിൽ വച്ച്, തങ്ങൾക്കപ്പുറം നടക്കുന്ന ഈയൊരു സംഭവം മാത്രം വേണ്ടത്ര മനസ്സിലാക്കിയില്ല. ഏതായാലും, ഇവിടെ ഇന്ത്യയിൽ വേണ്ടത്ര ഇതിൻെറ പ്രാധാന്യം ആളുകൾ മനസ്സിലാക്കിയില്ല എന്ന് ഉറപ്പായി പറയാം. മറുനാടുകളിൽ ഭാഷാപഠനം സെക്കൻററി ഘട്ടത്തിൽ ഒട്ടും അവഗണിക്കപ്പെടാത്ത ഒരു വിഷയമാണ്. ഹച്ചിൻസനും യങ്ങും കൂടിചേർന്ന് എഴുതിയ ഒരു ഗ്രന്ഥത്തിൽ (Educating the Intelligent) സമർത്ഥമായ ഭംഗിയായും ഭാഷ കൈകാര്യം ചെയ്യുവാനുള്ള കഴിവുണ്ടാക്കിക്കൊടുക്കുകയാണ് സെക്കൻററി വിദ്യാഭ്യാസത്തിൻെറ ഏറ്റവും വലിയ ലക്ഷ്യങ്ങളിലൊന്നെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെ പ്രഖ്യാപിക്കണമെന്ന് തോന്നിയ എത്ര വിദ്യാഭ്യാസവിചക്ഷണന്മാർ ഇവിടെയുണ്ട്?

ഭാഷ ശക്തിസൗന്ദര്യങ്ങളോടെ ഉപയോഗിക്കേണ്ടത് മൂന്നു തലങ്ങളിലാണ് – സംഭാഷണം, ഭാഷണം, ലേഖനം. സെക്കൻററി വിദ്യാഭ്യാസംകൊണ്ട് നമ്മുടെ കുട്ടികൾക്ക് ഈ കഴിവ് കിട്ടുന്നുണ്ടോ? ഉണ്ടെന്ന് ഉറപ്പു പറയാമോ? സ്ഥിതിവിവരക്കണക്കിൻെറ പുറകെയൊന്നും പോകണ്ട; നേരം കളയാനേ അതുപകരിക്കൂ. അനുഭവമെന്നൊന്നില്ലേ! അതൊന്നു കണ്ണു മിഴിച്ചു നോക്കിയാൽ – അതിൻെറ പുറകെ പായേണ്ട കാര്യമൊന്നുമില്ല! – സത്യം നഗ്നമായി നിന്ന് നാണിക്കുന്നതു കാണാം. പൊതുവിൽ നമ്മുടെ എസ്. എസ്. എൽ.

സി. ക്കാരുടെ ഭാഷോപയോഗസാമർത്ഥ്യം കഷ്ടതരമാണ്. ജോലിക്കുവേണ്ടി മലയാളത്തിൽ സ്വന്തമായി ഒരു ഹർജി എഴുതുക എന്ന കാര്യം പോലും അവരിൽ പലർക്കും കടലിൽ നീന്തുന്നതിലും കഠിനമാണ്.

ആകയാൽ ഇവിടെ കലാശാലകളിലെ ഭാഷാധ്യാപനം, സെക്കൻററി ഘട്ടത്തിൻെറ ഏതൽസംബന്ധമായ കർത്തവ്യലോപത്തെ പരിഹരിക്കുവാൻ കൂടി ഉദ്ദേശിച്ചു കൊണ്ടുള്ളതാവണം. അതു ശ്രദ്ധിച്ചുകൊണ്ടല്ല ഇപ്പോൾ കോളേജ് പാഠ്യപദ്ധതി ഉണ്ടാക്കിയിട്ടുള്ളത്. എവിടെയോ ആരോ പ്രയോഗിച്ച പദ്ധതി, നമ്മൾ അവരെക്കാൾ മോശമാണെന്ന ധാരണകാരണം, നാമും ഉപയോഗിക്കേണ്ടതാണെന്നും അങ്ങനെ അവരും നമ്മളും ഒരേ നിലയിലാണെന്നു വന്നുതീരുമെന്നും ഇവിടെ ചിലർ കരുതിവച്ചിട്ടുള്ളതുപോലെ തോന്നുന്നു. വിദ്യാഭ്യാസരീതികൾ പറിച്ചു നടാവുന്നവയോ ഇറക്കുമതി ചെയ്യപ്പെടുന്നവയോ അല്ലെന്ന് 'അവർ' തന്നെ എത്ര പറഞ്ഞു തന്നാലും അതു മാത്രം നാം വകവയ്ക്കുകയില്ല. യൂറോപ്പിലെയും അമേരിയ്ക്കയിലെയും കോളേജുകളുടെ നിലയിലല്ല നമ്മുടെ കോളേജുകൾ. ഇവിടെ കോളേജ് വിദ്യാഭ്യാസം വികലമായ ഒരു സെക്കൻററി വിദ്യാഭ്യാസത്തിൻെറ തുടർച്ചയാണെന്ന് മാത്രമല്ല, കോളേജ് വിദ്യാഭ്യാസം ഇവിടെ മൊത്തത്തിൽ സാമാന്യവിദ്യാഭ്യാസം മാത്രമാണുതാനും. തൊഴിൽപരിശീലനത്തിൻെറ ധാരയിലൂടെ ഒഴിഞ്ഞുപോയവർ കഴിഞ്ഞ് ബാക്കിയുള്ളവർക്കു വേണ്ടിയുള്ള ഒരു സമാന്തരധാരയാണ് അവിടങ്ങളിൽ കോളേജ് പഠനം. ഇങ്ങനെ സ്വഭാവത്തിലും സമൂഹലക്ഷ്യത്തിലും മൗലികങ്ങളായ പല വ്യത്യാസങ്ങളും അവരുടെയും നമ്മുടെയും കോളേജുകൾ തമ്മിൽ നിലവിലിരിയ്ക്കെ, അവയുടെ മാതൃകയിൽ ഇവിടെ കലാശാലവിദ്യാഭ്യാസം സംഘടിപ്പിക്കുന്നത് യുക്തിപൂർവ്വമല്ല, എന്നല്ല രാജ്യദ്രോഹം കൂടിയാവും എന്നു പറയട്ടെ.

കലാശാലകളില ഭാഷാധ്യാപനം.

കലാശാലകളിൽ ഭാഷാമണ്ഡലത്തിൽ നടക്കേണ്ട പരിഹാരാത്മകമായ (remedial) അദ്ധ്യാപനത്തെക്കുറിച്ചു ചിന്തിയ്ക്കാം. ഏറെ ചിന്തിയ്ക്കാനില്ല – അങ്ങനെയൊന്ന് ഇവിടെയില്ല! അങ്ങനെയൊരു അദ്ധ്യാപനസങ്കല്പം തന്നെ ഇവിടെ ബന്ധപ്പെട്ടവർക്കിടയിൽ ഉണ്ടായിട്ടുണ്ടോ? ഉണ്ടായതിൻെറ ലക്ഷണമൊന്നും കാണാനില്ല. പല വിദ്യാർത്ഥികൾക്കും പ്രീ-ഡിഗ്രി, വിദ്യാഭ്യാസത്തിൻെറ അന്ത്യസീമയാകയാൽ പ്രീ-ഡ്രിഗ്രിയിൽ ഈ മട്ടിൽ ഭാഷാദ്ധ്യാപനം പുനഃസംവിധാനം ചെയ്യേണ്ടതാണ്. മാത്രമല്ല, ശാസ്ത്രീ വിജ്ഞാനത്തിൻെറ ആഘാതംകൊണ്ട് മനുഷ്യമനസ്സിൽ സ്വാഭാവികമായും വന്നുചേരാനിടയുള്ള സൗന്ദര്യവൈമുഖ്യത്തെയും സംസ്കാരോദാസീനതയെയും പരിഹരിക്കുവാനുള്ള ലക്ഷ്യംകൂടി ഈ പുനഃസംവിധാനത്തിൽ ഉൾച്ചേർക്കേണ്ടിയിരിക്കുന്നു. ഇതൊക്കെ വേണമോ എന്ന് ചോദിക്കുന്നവരുണ്ടാകാം. വിദ്യാഭ്യാസത്തെ വെറും ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള അറിവുകൊടുക്കുന്ന ഒരു മാർഗ്ഗമായി കാണുന്നത് ആപല്ക്കരമാണെന്ന് അവരെ അറിയിച്ചുകൊള്ളട്ടെ. അങ്ങനെ അല്പം ദൂരം നാം പോയതല്ലേ ഉള്ളൂ – ആ പോക്കിൻെറ ഫലമെന്താണെന്ന്, ആദർശരഹിതവും സാംസ്കാരവിപരീതവും മനുഷ്യപ്രേമവർജ്ജിതവുമായ മട്ടിൽ വളർന്നുകൊണ്ടിരിയ്ക്കുന്ന ഒരു പുത്തൻ തലമുറ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിയ്ക്കുകയുമാണ്. ഇനിയും ആ ചോദ്യം ചോദിക്കരുത്.

അതിനാൽ ഭാഷാപഠനത്തിലുള്ള പരിഷ്കാരം എന്നത്, കുറച്ചു പീരിയഡുകളുടെ സമയം അങ്ങോട്ടോ ഇങ്ങോട്ടോ മാറ്റിക്കെട്ടുന്ന ഒരു സരളപ്രശ്നമായി ചുരുക്കിക്കാണരുതെന്ന് എനിക്ക് അപേക്ഷയുണ്ട്. വിദ്യാഭ്യാസമന്ത്രികാര്യാലയം, അവരുടെ അറിവിൻെറ പാരമ്യത്തിൽ നിന്ന്, ഇങ്ങനെ വല്ല ഉപരിതലസ്പർശിയായ മാറ്റവും വരുത്തുവാൻ ശ്രമിക്കുകയും അതിനെതിരായി അദ്ധ്യാപകർ സംഘടിച്ചു നിൽക്കുകയും ചെയ്യുന്ന ഒരു മട്ടിലായിട്ടുണ്ട് – ഇന്ന് ഭാഷാധ്യാപനവേദിയിലെ പരിഷ്കാരോദ്യമങ്ങൾ. ഭാഷയ്ക്കും സാഹിത്യത്തിനും – അഥവാ നാട്ടിനും നാട്ടാർക്കും വേണ്ടി വല്ലതും ചെയ്യണമെന്നുള്ളതാണ് ലക്ഷ്യമെങ്കിൽ ഇവിടെ സൂചിപ്പിച്ച മട്ടിൽ കുറച്ചുകൂടി അഗാധങ്ങളായ ഉന്നങ്ങളെ തൃപ്തിപ്പെടുത്തുവാൻ നമ്മുടെ വിദ്യാഭ്യാസാസൂത്രണം തയ്യാറാകേണ്ടതാണ്.

ഇനി ബിരുദ ക്ലാസ്സുകളിലെ ഭാഷാബോധനത്തെക്കുറിച്ചാവാം ചിന്തിക്കുന്നത്. മേല്പറഞ്ഞ രീതിയിൽ കലാലയത്തിലെ പ്രാഥമിക ക്ലാസ്സുകളിൽ ഭാഷാബോധനം ഉദ്ദേശ്യപൂർവകവും സുശക്തവും ആക്കാൻ സാധിച്ചാൽ, തുടർന്ന് ബിരുദക്ലാസ്സുകളിൽ ഇന്നത്തെ നിലയിൽ നിന്നു തീർത്തും വ്യത്യസ്തമായ ഒരു രീതി അനുവർത്തിക്കാം. ഇന്നത്തെ നില ഒട്ടും ആശാവഹമല്ല. മലയാളം കേരളത്തിലെ കലാലയങ്ങളിൽ എന്തിനുവേണ്ടി പഠിപ്പിക്കുന്നുവെന്നും എങ്ങിനെ പഠിപ്പിക്കണമെന്നനും ആരും നിശ്ചയിച്ചിട്ടില്ല. ആർക്കും അറിഞ്ഞുകൂടെന്നാണ് പറയേണ്ടിയിരുന്നത്; പറയാമോ? ഇപ്പോളാകട്ടെ "അവിഘ്നമസ്തു' എന്ന്, അറിഞ്ഞോ അറിയാതെയോ, മനസാ പ്രാർത്ഥിച്ചുകൊണ്ടാണ് അദ്ധ്യാപകർ ക്ലാസ്സിൽ കയറുന്നത്. ഭാഷാവിഷയകമല്ലാത്ത അനേകം കാരണങ്ങൾ ഈ സ്ഥിതിവിശേഷത്തെ ജനിപ്പിക്കുവാൻ സഹായിച്ചിട്ടുണ്ടാവാം. എന്നാലം ഉദ്ദേശ്യത്തിലും ഉദ്ദേശ്യ നിർവഹണത്തിലും മികച്ച ഒരു മലയാളം ക്ലാസ്സ് കോളേജിലെ മറ്റേതു ക്ലാസ്സിനേക്കാൾ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ ശക്തിയുള്ളതാണ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ഭാഷാധ്യാപകൻ നന്നാവണം

ഇതിന് അദ്ധ്യാപകൻ നന്നാകണം, ഒന്നാമതായി, നന്നാകണം എന്നു വച്ചാലോ? എല്ലാനിലയ്ക്കും നന്നാകണം എന്നാണ് വിവക്ഷ. ഈ നന്മ തുടങ്ങുന്നത് അദ്ധ്യാപകൻെറ വിഷയപരമായ പ്രേമത്തിൽ നിന്നായിരിക്കണം. ഭാഷാദ്ധ്യാപനം ഔദ്യോഗികമായി ഒരു തൊഴിലായിത്തീർന്നിട്ടുണ്ടെങ്കിലും, അതിൻെറ വിജയവേദിയിൽ ആരോഹണം ചെയ്തവർക്ക് അത് ആത്മസമർപ്പണാത്മകമായ ഒരു പ്രേമവൃത്തിയായിത്തീരുന്നു. ഇവിടെ പ്രേമമെന്നു പറഞ്ഞുകൊണ്ട്, മലയാളം എന്നു കേട്ടാൽ ഉടനെ നീട്ടിവലിച്ചു പദ്യം ചൊല്ലിച്ചൊല്ലി ക്ഷീണിക്കുമ്പോൾ വ്യാക്ഷേപങ്ങൾ അർത്ഥവ്യാജേന പറയുന്നവരുടെ വികാര ചാപല്യത്തെയല്ല ഉദ്ദേശിക്കുന്നത്. ഹൃദയത്തോടൊപ്പം ബുദ്ധിയും

> ചെന്നെത്തുന്നതെവിടെയെങ്കിലുമാകട്ടെ, സത്യത്തെത്തന്നെ പിന്തുടരുക. ഭീരുത്വവും കാപട്യവും ദൂരെ കളയുക.
>
> – സ്വാമി വിവേകാനന്ദൻ

പ്രവർത്തിച്ചുണ്ടാകുന്ന വിഷയാദരവും ആ വിഷയത്തോടു നീതി പ്രവർത്തിക്കാനുള്ള കഴിവു തനിക്കുണ്ടെന്ന ആത്മവിശ്വാസവും കലരുമ്പോൾ ഭാഷാദ്ധ്യാപകനിൽ ഉദയംകൊള്ളുന്ന കർമ്മാഭിമുഖമായ അഭിരതിയെയാണ് ഞാനിവിടെ ഉദ്ദേശിക്കുന്നത് എന്ന് എടുത്ത് പറഞ്ഞുകൊള്ളുന്നു. ഇവിടെയും സ്ഥിതിവിവരക്കണക്കുകളെ ഒഴിവാക്കിക്കൊണ്ട് സ്വാനുഭവം മുൻനിർത്തി പറഞ്ഞാൽ, തൊഴിലന്വേഷിച്ചു മാത്രം വരുന്നവരുടെ തള്ളിക്കയ്യേറ്റം കൊണ്ട് ഭാഷാദ്ധ്യാപനരംഗം അലങ്കോലപ്പെട്ടിട്ടുള്ളതു കുറച്ചൊന്നുമല്ല. ഇതിനിടെ ഒരു കോളേജിൽ ഒരു അദ്ധ്യാപകൻ "സഹസ്രം" എന്ന വാക്കിന് "നൂറ്" എന്നർത്ഥം പറഞ്ഞ് ഉണ്ടാക്കിയചോപ്രത്തരങ്ങളെക്കുറിച്ച് എന്നോട് വിശ്വാസ്തനായ ഒരു അദ്ധ്യാപക സുഹൃത്ത് പറയുകയുണ്ടായി. കാക്ക മലർന്നു പറക്കുന്നതുപോലെ എങ്ങോ എങ്ങനെയോ നടന്ന ഒരബദ്ധമല്ല അത്. നാമെല്ലാം വായിക്കേണ്ട പരസ്യച്ചുവരെഴുത്താണ് അത്. ഇത്തരക്കാരെ പരിഹസിക്കാൻ എഴുതുന്നതുമല്ല ഇത്. ഭാഷാതാത്പര്യം ഇല്ലാത്തവരെ ഭാഷാക്ലാസ്സിൽ തള്ളിവിടുന്ന ഒരു സ്ഥിതി ഇവിടെ ഉണ്ടാക്കിയവർ ആരായാലും അവരെ പരിഹസിക്കുകയോ പരിഹരിക്കുക തന്നെയോ ചെയ്താലും അത് അധികമാവില്ല. എന്നാൽ ഇവിടെ ഭാഷാദ്ധ്യാപനം മാത്രമാണു ചിന്താവിഷയം.

നേരത്തെ പറഞ്ഞ പരിഹാരനിർദ്ദേശങ്ങൾവഴി പ്രീ-ഡിഗ്രി ഭാഷാദ്ധ്യാപനം പുതുക്കിപ്പണിയാൻ നമുക്കു കഴിയുകയും കാലക്രമത്തിൽ പ്രഗല്ഭരായ അദ്ധ്യാപകർ രംഗത്ത് കൂടിവരികയും ചെയ്താൽ, ബിരുദക്ലാസ്സുകളിലെ ഭാഷാദ്ധ്യാപനം അവിടെ പഠിക്കുന്ന വിഷയത്തിനു യോജിച്ച വിധത്തിൽ മാറ്റി പാഠ്യപദ്ധതി പുനഃസംവിധാനം ചെയ്യാവുന്നതാണ്. സയൻസിനും കോമേഴ്സിനും മറ്റും വിഷയപരമായും ഉദ്യോഗപരമായും ഉപയോഗപ്രദമായ ഭാഷ പഠിപ്പിക്കുക എന്നതാകാം ഈ ക്ലാസ്സുകളിലെ ഭാഷാദ്ധ്യാപനലക്ഷ്യം. സമാന്യമായ ഈ ഭാഷാപഠനത്തിനുള്ള സൗകര്യത്തിനു പുറമെ, മലയാളത്തിൽ (ഭാഷയിലും സാഹിത്യത്തിലും) സവിശേഷ പരിശീലനം നൽകുന്ന ഐച്ഛികപാഠ്യപദ്ധതിയും ബിരുദക്ലാസ്സുകളിൽ ഉണ്ടാകേണ്ടതാണ്.

ഈ അടിസ്ഥാനം ഭദ്രമായിക്കഴിഞ്ഞാൽ, ബിരുദാനന്തരക്ലാസ്സുകളിൽ ഭാഷാദ്ധ്യാപനം എളുപ്പം ശരിപ്പെടുത്താം. ഭാഷ ഐച്ഛികമായി പഠിച്ച വിദ്യാർത്ഥികൾ മാത്രമായിരിക്കും ഇവിടത്തെ ശിക്ഷണീയർ. ചുരുക്കം ചില വിദ്യാർത്ഥികൾ മറ്റ് ഐച്ഛികങ്ങളിൽ നിന്നു ഭാഷ പഠിക്കാൻ താത്പര്യത്തോടെ വരുമ്പോൾ അവരെ നിരുത്സാഹപ്പെടുത്തുകയും വേണ്ട. (അതിന് വഴി പിന്നീട് കണ്ടെത്തിയാൽ മതിയല്ലോ). മലയാളത്തിലെ എം. എ. കോഴ്സ് മാറ്റി, സാഹിത്യത്തിനും ഭാഷയ്ക്കും കേരളസംസ്കാരത്തിനും പ്രത്യേകം പ്രത്യേകം ഡ്രിഗ്രി കൊടുക്കാവുന്നതാണ്. ഇന്നിപ്പോൾ മലയാളം എം. എ.യിൽ ഈ വ്യത്യസ്ത വിഷയങ്ങളുടെയെല്ലാം ഭാഗങ്ങൾ കലർന്നിട്ടുണ്ട്. പക്ഷേ, സർവകലാശാലയിൽ വെവ്വേറെ ബിരുദാനന്തര ബിരുദങ്ങൾ ഈ വിഷയങ്ങൾക്കു നീക്കിവെയ്ക്കാത്ത കാലത്തോളം ഇന്നത്തെ നിലയിൽ മലയാളം ബിരുദാനന്തരപാഠ്യപദ്ധതി തന്നെ തുടരേണ്ടിവരും.

പാഠ്യപദ്ധതി പരിഷ്കരണം

അത് വേറെകാര്യം. കലാലയങ്ങളിൽ ഇന്നു ഭാഷാദ്ധ്യാപനം വളരെ മോശമായിത്തീർന്നിട്ടുണ്ടെങ്കിൽ, അതിന്റെ മുഖ്യകാരണം ഭാഷാപാഠ്യപദ്ധതി ലക്ഷ്യപൂർവകമോ ശാസ്ത്രീയമോ ആയി വാർത്തെടുക്കാത്തതാണ്. അദ്ധ്യാപകർക്കും കുട്ടികൾക്കും ഉള്ള വൈകല്യങ്ങളെക്കാൾ മൗലികമായി ഇവിടെ ദോഷഘടകമായി നില്ക്കുന്നത് ഇതാണെന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം. ഈ നില മാറാതെ പറ്റില്ല. മാറണമെങ്കിൽ എന്തുവേണം? മാറണമെങ്കിൽ, ഭാഷയ്ക്കും സാഹിത്യത്തിനും കലകൾക്കും സംസ്കാരത്തിനും ജീവിതത്തിലും ചരിത്രപുരോഗതിയിലുമുള്ള മഹത്തായ സ്ഥാനമെന്തെന്ന് മനസ്സിലാക്കാൻ കഴിവുള്ളവർ വിദ്യാഭ്യാസത്തിന്റെ കർണധാരന്മാരായി വരണം. വന്നില്ലെങ്കിൽ, മരംകേറി വിറകുവെട്ടിയും വിറകുവെട്ടി വെള്ളം കോരിയുമായിട്ടു നടക്കുന്ന ഇപ്പോഴത്തെ കളി തുടർന്നു നടക്കും, അത്രതന്നെ.

FOR GANAMELA,
MIMICS

TRICHUR ROVERS
ORCHESTRA

IRIMPAN BUILDING
II Floor, New Church Road,
TRICHUR - 680 001
Phone : 28775 P.P.

ചിരിയ്ക്കാം ചിരിയ്ക്കാം

കോമളവല്ലിഅമ്മ

ചിരിയ്ക്കാം ചിരിയ്ക്കാം നമുക്കൊന്നു ചിരിയ്ക്കാം
കൂട്ടുചേർന്നു ചിരിയ്ക്കാം ഒന്നിച്ച് ചിരിയ്ക്കാം
കൈകൊട്ടി ചിരിയ്ക്കാം ഊറി ഊറി ചിരിയ്ക്കാം
ഉറക്കേ ചിരിയ്ക്കാം വിട്ടു വിട്ടു ചിരിയ്ക്കാം
മനസ്സിൽ ചിരിയ്ക്കാം പുറമേ ചിരിയ്ക്കാം
മത്സരിച്ചു ചിരിയ്ക്കാം മട്ടു മാറിച്ചിരിയ്ക്കാം
ഉറക്കത്തിൽ ചിരിയ്ക്കാം മയക്കത്തിൽ ചിരിയ്ക്കാം

പല്ലുകാട്ടിച്ചിരിയ്ക്കാം മോണകാട്ടിച്ചിരിയ്ക്കാം
വായ്പൊത്തിച്ചിരിയ്ക്കാം നാണത്തോടെ ചിരിയ്ക്കാം
വെറുതേചിരിയ്ക്കാം സൊറ പറഞ്ഞു ചിരിയ്ക്കാം
കളിയാക്കിച്ചിരിയ്ക്കാം കളിപറഞ്ഞു ചിരിയ്ക്കാം
കണ്ണുചിമ്മിച്ചിരിയ്ക്കാം കണ്ണിൽ നോക്കിച്ചിരിയ്ക്കാം
പൊട്ടിപ്പൊട്ടിച്ചിരിയ്ക്കാം തലയാട്ടിച്ചിരിയ്ക്കാം
തലയിളക്കിച്ചിരിയ്ക്കാം തോൾകുലുക്കിച്ചിരിയ്ക്കാം
മെയ്മറന്നു ചിരിയ്ക്കാം മെയ്കുലുക്കിച്ചിരിയ്ക്കാം
ആർത്തലച്ചു ചിരിയ്ക്കാം ഓർത്തോർത്തു ചിരിയ്ക്കാം
വിക്കിവിക്കിച്ചിരിയ്ക്കാം വീണുരുണ്ടു ചിരിയ്ക്കാം
കുടുകുടെച്ചിരിയ്ക്കാം കുടുകുടെച്ചിരിയ്ക്കാം
കിലുകിലെ ചിരിയ്ക്കാം കുലുങ്ങിച്ചിരിയ്ക്കാം
ഹഹഹഹ ചിരിയ്ക്കാം ഹൊ ഹൊ ഹൊ ഹോ ചിരിയ്ക്കാം
ചിരിയ്ക്കാം ചിരിയ്ക്കാം നമുക്കൊന്നു ചിരിയ്ക്കാം ●

KERALA STATE LOTTERIES

Three Weekly Lotteries Draws - Every Week

ON EVERY THURSDAY **KAIRALI LOTTERY**

Ist Prize Rs. 10 Lakh
IInd Prize One Maruthi 800 cc car
Ticket Value Rs. 5/-

ON EVERY TUESDAY **PERIYAR LOTTERY**

Ist Prize Rs. 5 Lakh + Maruthi 800 cc Car
Ticket Value Rs. 3/-

ON EVERY SATURDAY **MAVELI LOTTERY**

Ist Prize Rs. 1 Lakh
Ticket Value Rs. 1/-

ALSO SUPER/GRAND BUMBER LOTTERIES

VISHU, ONAM, DEEPAVALI, CHRISTMAS, SIVARATHRI, POOJA, SABARI, MONSOON

KERALA STATE LOTTERIES
Vikas Bhavan, Thiruvananthapuram - 33, Phones : 445230, 445193

സ്നേഹത്തിൻെറ മാർഗ്ഗം

പ്രൊഫ. ജി. കുമാരപിള്ള

"മനുഷ്യൻെറ സ്നേഹവാത്സല്യങ്ങളുടെ കഥയാണ് ചരിത്രം" എന്നു പറഞ്ഞത് ആരാണ്? ഇരുപതാം നൂറ്റാണ്ടിലെ പ്രശസ്തനായ ഇംഗ്ലീഷ് നോവലെഴുത്തുകാരൻ ഇ. എം. ഫോർസ്റ്റർ. ചരിത്രത്തിന് എത്രയോ നിർവ്വചനങ്ങളും വിവരണങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ട്. ഇക്കൂട്ടത്തിൽ എന്നെ വളരെയധികം ആകർഷിച്ചിട്ടുള്ള ഒന്നാണ് ഫോർസ്റ്ററുടെ ഈ ലളിതമായ വാക്യം. ഇത് പണ്ഡിതോചിതമോ യുക്തിയുക്തമോ ശാസ്ത്രീയമോ അല്ലെന്ന് പലരും പറഞ്ഞേക്കാം. അത് പാണ്ഡിത്യത്തെയും യുക്തിയെയും ശാസ്ത്രത്തെയും കുറിച്ചുള്ള നമ്മുടെ തെറ്റിദ്ധാരണയുടെ ഫലമാണ്. സ്നേഹംകൊണ്ട് ആർദ്രമല്ലാത്ത പാണ്ഡിത്യവും യുക്തിയും ശാസ്ത്രവും മനുഷ്യനെ
മനുഷ്യനല്ലാതാക്കിത്തീർക്കുന്നു.

ഇരുപതാം നൂറ്റാണ്ടിലെ യുക്തിവാദികളിൽ അഗ്രഗണ്യനായ തത്വചിന്തകനും ഇതേ അഭിപ്രായക്കാരനാണെന്ന് പറയുമ്പോൾ അത്ഭുതം തോന്നാം. എന്നാൽ, ബർട്രൻഡ് റസ്സൽ ഇതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. ജീവിതസുഖം എങ്ങനെ നേടാം എന്ന ചോദ്യത്തിന് മറുപടി നൽകുമ്പോഴാണ് ഈ സത്യം അദ്ദേഹം വെളിപ്പെടുത്തുന്നത്. മനുഷ്യരോടും വസ്തുക്കളോടും സ്നേഹവാത്സല്യങ്ങളോടെ പെരുമാറുന്നത് സന്തുഷ്ടജീവിതത്തിന്ന് അനുപേക്ഷണീയമായി അദ്ദേഹം കരുതുന്നു. മനുഷ്യരെ സ്നേഹിക്കുക, അതിനപ്പുറം മൃഗങ്ങളെയും പക്ഷികളെയും സ്നേഹിക്കുക, അതിനപ്പുറം വൃക്ഷങ്ങളെയും ചെടികളെയും സ്നേഹിക്കുക; അതിനൊക്കെയപ്പുറം ജഡവസ്തുക്കളെ – വീഥികളെ, വീടുകളെ, പുഴകളെ, ശിലകളെ, മലകളെ, മേഘങ്ങളെ – സ്നേഹിക്കുക. ഇതാണ് അദ്ദേഹത്തിൻെറ സന്ദേശം.

ഇത് പഴയൊരു സന്ദേശമാണ് – ബുദ്ധൻെറ സന്ദേശം, ക്രിസ്തുവിൻെറ സന്ദേശം. പഴയതെല്ലാം പഴഞ്ചനല്ല; അടിസ്ഥാന സത്യങ്ങൾക്ക് കാലപ്പഴക്കം ബാധകമല്ല; മാനുഷിക മൂല്യങ്ങൾക്ക് കാലഹരണമില്ല. ഗാന്ധിജി ഇത് ഉറക്കെ പ്രഖ്യാപിക്കുക മാത്രമല്ല, ജീവിതവ്രതമാക്കുകയും, ഇന്നും നിത്യജീവിതത്തിൽ ഇതൊരു നിത്യനിഷ്ഠയാക്കാൻ കഴിയണമെന്നും കഴിയുമെന്നും ധീരോദാത്തമായ രീതിയിൽ കാണിക്കുകയും ചെയ്തു. മാർട്ടിൻലൂതർകിങ്ങ് ഈ പ്രകാശമാനമായ മാർഗ്ഗരേഖയെ പിൻതുടർന്നു. വെളിച്ചത്തിൻെറ യുഗം തേടുന്നവർക്കുള്ള രാജപാതയാണിത്.

ചരിത്രം രാജാക്കന്മാരുടെയും യുദ്ധവീരന്മാരുടെയും കഥയാണെന്നു പറയുന്നവരുണ്ട്; ചരിത്രം മനുഷ്യനും മനുഷ്യനും തമ്മിലുള്ള വിദ്വേഷത്തിൻെറയും സംഘർഷത്തിൻെറയും കഥയാണെന്ന് പറയുന്നവരുമുണ്ട്. വെന്നും, കൊന്നും, തിന്നും മുന്നേറുന്ന ഒരു ജന്തുവാണ് അവർക്കിരുകൂട്ടർക്കും മനുഷ്യൻ. മറ്റൊരു കൂട്ടർക്ക് ചരിത്രത്തിലൊന്നും താൽപര്യമില്ല. തിന്നും കുടിച്ചും മദിച്ചും രസിക്കുന്ന ഒരു ജന്തുവാണ് അവർക്ക് മനുഷ്യൻ. ഈ രണ്ട് മനോഭാവങ്ങളും മനുഷ്യനെ നാശത്തിൻെറ ശൂന്യതയിലക്കും അന്ധകാരത്തിലേക്കും നയിക്കുന്നു.

മനുഷ്യനെ മനുഷ്യനാക്കുന്നത് സ്നേഹിക്കുവാനുള്ള കഴിവാണ്. സ്നേഹത്തിൻെറ വിശുദ്ധഭാവങ്ങളിലാണ് മനുഷ്യത്വത്തിൻെറ മഹനീയമായ ആവിഷ്ക്കരണം കാണുന്നത്. സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹത്തിനപ്പുറം, സുഹൃത്തും സുഹൃത്തും തമ്മിലുള്ള സ്നേഹത്തിനപ്പുറം സഹാനുഭൂതിയുടെ, ഭൂതദയയുടെ ജീവകാരുണ്യത്തിൻെറ, കേവലവാത്സല്യത്തിൻെറ സ്ഫുരണങ്ങളിലാണ് ഈ വിശുദ്ധഭാവങ്ങൾ തെളിയുന്നത്. ഈ കേവലവാത്സല്യമാണ് സർവ്വോത്തമമായ മാനുഷിക മൂല്യം.

ഇതിനെ ഞെക്കി ഞെരുക്കുന്ന തിന്മയുടെ ശക്തികൾ ചുറ്റും ഭീകരതാണ്ഡവമാടുമ്പോഴും വിശ്വാസം കൈവെടിയാതിരിക്കുകയാണ് നമ്മുടെ കടമ. തിന്മയെ എതിർക്കുമ്പോഴും വാത്സല്യാധിഷ്ഠിതമായ മനുഷ്യത്വബോധം കൈവെടിയാതിരിക്കുന്നവരാണ് യഥാർത്ഥ മനുഷ്യർ. ഇത് എളുപ്പമല്ല. മറ്റുള്ളവരെ തോൽപിക്കുവാനും നശിപ്പിക്കുവാനും ഭൗതികവസ്തുക്കൾ സമ്പാദിച്ചുകൂട്ടുവാനുമുള്ള വ്യഗ്രതയാണ് ഇന്നും മനുഷ്യർക്കിടയിൽ പ്രബലമായിരിക്കുന്നത്. അതുകൊണ്ട് സ്നേഹത്തിലും സഹകരണത്തിലും അധിഷ്ഠിതമായ ഒരു സമൂഹത്തെ സ്വപ്നം കാണുന്നവർ സഹിക്കാനും ക്ഷമിക്കാനും ത്യജിക്കാനും സന്നദ്ധരായേ മതിയാവൂ.

കുരുവിത്തറയ്ക്കുള്ള ബസ്സ്

സി.പി. ദേവസ്സി

പാതിരാവ് കടപ്പുറത്തെത്തി. നിശയുടെ നിശബ്ദയാമങ്ങളിൽ, വെൺമേഘത്തിൻെറ വാതിൽ തുറന്ന്, നീലാംബരത്തിൻെറ മണിമുറ്റത്തേയ്ക്കിറങ്ങിയ, ശശികലയുടെ പൊൻവെളിച്ചം, ശാന്തമായ കടലലകളിൽ, പരശതം സ്വർണ്ണനാണയങ്ങൾ വിതറി. നിശബ്ദതയെ ഭേദിച്ചുകൊണ്ടുള്ള തെരുവുനായ്ക്കളുടെ ഓരി. മുറ്റത്തെ തൈതെങ്ങിൽ ചേക്കേറിയ നത്തിൻെറ അസുഖകരമായ മൂളൽ. ആകെകൂടി അശുഭലക്ഷണം.

ചായ പീടികയിലെ പണികളെല്ലാം കഴിഞ്ഞ്, കുളികഴിഞ്ഞ്, ഊണുകഴിച്ച് കിടന്നതേയുള്ളു. ഒരു കാറ് വന്നു നിൽക്കുന്ന ശബ്ദം. ആരായിരിയ്ക്കും ഈ പാതിരാത്രിയിൽ. വാറ്റു ചാരായ കടത്തുകാരുടെ ജീപ്പ്, ഈ കടപ്പുറത്ത് വരുന്ന നേരമായിട്ടില്ല. നിരപലകയിൽ തട്ടുന്ന ശബ്ദം. "ആരുമില്ലേ? ജെയിംസിൻെറ വീടല്ലേ? വീട്ടുക്കാരെ ആരുമില്ലേ?"

ചായപീടികയോടനുബന്ധിച്ചുള്ള വീട്ടിൽ, ഉറക്കം വരുന്ന നേരത്ത് – ശബ്ദം കേട്ട്, ജെയിംസ് എഴുന്നേറ്റു. "ആരാത്?".

"ഞങ്ങളാ, കുരുവിത്തറയിൽ നിന്ന്, മത്തായിചേട്ടൻ മരിച്ചു..."

വാതിൽ തുറന്നു. നിരപലക ഒന്നെടുത്തുമാറ്റി.

"ഇന്ന് രാത്രി എട്ടുമണിയ്ക്കാണ് മരിച്ചത്. വലിയ വിശേഷമൊന്നുമുണ്ടായിരുന്നില്ല. ഒക്കെ പെട്ടെന്നായി. നാളെ ഉച്ചതിരിഞ്ഞ് 4 മണിയ്ക്കാണ് ശവസംസ്കാരം. ജെയിംസ് എന്നയാള് നമ്മളല്ലെ?"

അതെ.

കുറച്ചു വെള്ളം തരാമോ?

ചൂടുവെള്ളം?

വേണ്ട. പച്ച വെള്ളം മതി.

കുളിരു കോരിയിടുന്ന ഈ രാത്രിയിൽ പച്ചവെള്ളമോ? ചായയുണ്ടാക്കാം.

പച്ച വെള്ളം മാത്രം മതി.

ഒരുപാത്രം വെള്ളം കൊടുത്തു.

രണ്ടുമൂന്നു ഗ്ലാസ്സ് .....

ഓ... തരാം.

എടൊ, കൊണ്ടുവാ.

ഡ്രൈവർ ഇറങ്ങിവന്നു, ഒരു കുപ്പി ബ്രാണ്ടിയുമായ്.

ഒഴിച്ചു. വെള്ളമൊഴിച്ചു. കുടിച്ചു. അച്ചാറുണ്ടോ ലേശം?

ഇല്ല.

പപ്പടവട

ഇല്ല.

പഴയ പരിപ്പുവട.

ഇല്ല. എല്ലാം തീർന്നു.

പിന്നെയും ഒഴിച്ചു. വെള്ളമൊഴിച്ചു. കുടിച്ചു. ഏതാണ്ട് ബൂസായി.

"നമുക്ക് ലേശം?"

"വേണ്ട, ഞാൻ മദ്യപിയ്ക്കുകയില്ല".

"ഇതൊക്കെയുണ്ടെങ്കിലല്ലേ, അറിയിപ്പു കൊടുക്കാൻ ഒരു ഒരു ഒരുന്മേഷം ണ്ടാകുകയുള്ളു.

ശരിയാ. വെറുതെ മറുപടി പറഞ്ഞു.

"എന്താ, ഞങ്ങളിറങ്ങട്ടെ. പിന്നെ, ഞങ്ങളോടൊപ്പം പോരുന്നോ? നാലഞ്ചു സ്ഥലത്തുകൂടി അറിയിയ്ക്കാനുണ്ട്. അതുകഴിഞ്ഞാൽ നേരെ കുരുവിത്തറയ്ക്കാ"

"ഇല്ല, ഞാൻ കാലത്തുവന്നോളാം".

കാറ് പോയി.

"ആരാ?" ഭാര്യ ചോദിച്ചു.

കുരുവിത്തറയിൽ നിന്നാ. മത്തായച്ചൻ മരിച്ചു. അമ്മയുടെ താവഴിയിലെ അവസാനത്തെ കണ്ണി. ഉച്ചതിരിഞ്ഞ് 4 മണിയ്ക്കാ ശവമെടുപ്പ്. വഴി കൃത്യമായിട്ടറിയില്ല. കുടിന്മാരുടെ കാറിൽ പോകാ ,നുള്ള വൈമനസ്യം കൊണ്ടാണ്. അതിനിപ്പോ എങ്ങിന്യാ പോകുന്നെ? മരിച്ചാലും, ജനിച്ചാലും, കല്ല്യാണത്തിനും പെരുന്നാളിനും, എന്തിനും, ഏതിനും മദ്യം ഒരു
ഫാഷനായിത്തീർന്നിരിയ്ക്കുകയല്ലേ?

"ഈ കുരുവിത്തറ എവിടെയാ ചേട്ടാ" ഭാര്യയുടെ ചോദ്യം.

പട്ടണത്തിൽ നിന്ന് കിഴക്കുമാറി പഴമുക്ക് എന്നൊരിടമുണ്ട്. അതിനടുത്താ. പണ്ട് ബസ്സുണ്ടായിരുന്നില്ല. ഇപ്പോൾ ഉണ്ടാകാതിരിയ്ക്കുകയില്ല. കേരളത്തിലെ ഓണം കേറാമൂലകളിലൊക്കെ യാത്രാ സൗകര്യവും, , വെള്ളവും വെളിച്ചവും എത്തിയന്നല്ലെ വെപ്പ്.

വെളുപ്പാൻ കാലത്ത് ഗ്രാമത്തിൽ നിന്ന്, ആദ്യത്തെ ബസ്സിൽ പുറപ്പെട്ടു. വളരെ ചെറുപ്പത്തിൽ പട്ടണത്തിൽ പഠിയ്ക്കുന്ന കാലത്ത്, അമ്മയോടൊന്നിച്ച് കുരുവിത്തറയ്ക്കു പോയിട്ടുള്ളതാണ്. പാലുപുഴയും, പാടശേഖരങ്ങളും, തെങ്ങിൻ തോപ്പുകളും, കുന്നിൻ ചെരിവുകളും ഉണ്ടായിരുന്ന അവിടെ, ഇപ്പോൾ നിറയെ വീടുകളായിരിക്കും. ആധുനിക ഷൈലോക്കുമാരുടെ ബ്ലെയിഡുകമ്പനികൾ, അപ്പൻ നടത്തിയിരുന്ന കച്ചവടത്തിൻെറ കഴുത്തറത്തപ്പോൾ, പട്ടണത്തിലെ പഠിപ്പുനിറുത്തി. ഉള്ളതു വിറ്റുപെറുക്കി, ഗ്രാമത്തിൽ വന്നു. പത്തുസെൻറ് സ്ഥലം വാങ്ങി. ഒരു ചെറിയ വീടുവെച്ചു. അതിനോടനുബന്ധിച്ചു ഒരു ചായപീടികയും തുടങ്ങി. പക്ഷെ, എല്ലാം നശിച്ചതിലുള്ള ആധി - അപ്പനെ ഒരു നിസംഗതനാക്കി. സദാ മൗനമുഖനായ അപ്പനെക്കൊണ്ട്, ഒന്നിനും കൊള്ളാതെ വന്നപ്പോൾ, ചായ പീടികയുടെ ഭരണഭാരം അമ്മ ഏറ്റെടുത്തു. അമ്മയെ സഹായിയ്ക്കുവാൻ നിർബന്ധിതനായപ്പോൾ, തുടർന്നുപഠിയ്ക്കുക, ഉന്നതബിരുദം നേടുക എന്ന് മനസ്സിൽ അങ്കുരിച്ച ആഗ്രഹം കൂമ്പടഞ്ഞു.

അഞ്ചെട്ടുവർഷം കഴിഞ്ഞപ്പോൾ, അപ്പൻ മരിച്ചു. താമസിയാതെ അമ്മയും, തനിച്ചായി. പള്ളിയിലെ സമൂഹവിവാഹം. ഒരു സഹധർമ്മിണിയെ കിട്ടി. പുവ്വർഹോമിലെ ശാലീന സുന്ദരിയായ ഒരു പെൺകുട്ടി. സ്നേഹിയ്ക്കുവാൻ ഒരാള്. ഇപ്പോൾ രണ്ടു കുട്ടികളുമായി. ജീവിയ്ക്കുവാൻ ഒരു ലക്ഷ്യവും.

ഒരു കിലോമീറ്റർ പോയപ്പോൾ, ബസ്സിൽ നിറയെ ആളായി. ഓരോരരൊ ലക്ഷ്യത്തിലേയ്ക്കു തിരിയ്ക്കുന്നവർ. ബസ്സ് നിറുത്തുന്നു. ഇറങ്ങുന്നു. കയറുന്നു. കിളിയുടെ കൂവൽ. ബസ്സു യാത്രതിരിക്കുന്നു. ഈ പ്രക്രിയ ആവർത്തിച്ചാവർത്തിച്ചു, പട്ടണത്തിലെ മുനിസിപ്പൽ സ്റ്റാൻറിലെത്തിയപ്പോൾ, വിശപ്പിൻെറ വിളികേട്ടു. മുനിസിപ്പൽ സൈറൻ കരയാൻ തുടങ്ങി. ബസ്സിൽ നിന്നിറങ്ങി.

കുരുവിത്തറയ്ക്കു ബസ്സ് എവിടെ?

ബസ്സുകൾ വരുന്നു. പോകുന്നു. യാത്രക്കാർ ഇറങ്ങുന്നു, കയറുന്നു, ലക്ഷ്യത്തിലേയ്ക്കുള്ള പാച്ചിൽ, വലിയ തിരക്ക്, നാരങ്ങകച്ചവടക്കാർ, സോഡ സർവ്വത്ത് വില്ക്കുന്നവർ, ചന്തവാണിഭ്യക്കാർ, എല്ലാം ലക്ഷ്യത്തിലേയ്ക്കു കുതിയ്ക്കുന്നവർ.

"അല്ലാഹു" അല്ലാഹു അല്ലാഹു അള്ളാ-
അല്ലാഹു അല്ലാഹു അല്ലാഹു അള്ളാ-

കെഞ്ചുന്ന മൊഞ്ചുള്ള ധർമ്മങ്ങളെല്ലാം
ധർമ്മങ്ങളെല്ലാം കൊടുത്തേയ്ക്കു റബ്ബേ."

മുഖം മുഴുവൻ ,മസൂരികലകൾ നിറഞ്ഞ മദ്ധ്യവയസ്കനായ ഒരു അന്ധഗായകൻ. ധർമ്മത്തിനായി കൈകൾ

നീട്ടുന്നു. ഇതെല്ലാം കണ്ടുകൊണ്ട് ആൾക്കൂട്ടത്തിൽ നിന്നു.

കുരുവിത്തറയ്ക്കുള്ള ബസ്സ് വന്നില്ല.

പലരോടും ചോദിച്ചു. അറിയില്ലെന്ന ആംഗ്യഭാഷ മറുപടി. ചിലർ തുറിപ്പിച്ചു നോക്കി. എന്താണാനോട്ടത്തിൻെറ അർത്ഥം, സംബോധന ശരിയാകാഞ്ഞിട്ടോ, ആവോ?

എല്ലാറ്റിനും, മൂകസാക്ഷിയായി, ഒരു കാലഘട്ടത്തിൻെറ പ്രതാപശാലിയായ, ഏതോ രാജാവിൻെറ പ്രതിമ. പണ്ട്, ഈ പ്രതിമയുടെ കൈകളിലും, തലയിലും രാഷ്ട്രീയക്കാരുടെ കൊടികുറകളും, ബാനറുകളുമായിരുന്നു. പഠിയ്ക്കുന്ന കാലത്ത് കണ്ടിരുന്നത് ഓർത്തുപോയി. ഇന്ന് ആരുടെയൊക്കെയൊ, ദയാദാക്ഷിണ്യംകൊണ്ട്, ആ വക അലങ്കോലങ്ങളൊന്നുമില്ല, കാക്ക കാഷ്ഠം, കറുത്ത മേലങ്കിയിൽ, വെളുത്ത ചിത്രപണികൾ ചെയ്തിരിക്കുന്നുവെന്നു മാത്രം.

ഫുഡ്പാത്ത് കച്ചവടക്കാരനിൽ നിന്ന് ഒരു സർവ്വത്ത് വാങ്ങികുടിച്ചു. വിശപ്പിനും, ദാഹത്തിനും അല്പം ശമനം. "കുരുവിത്തറയ്ക്ക് ബസ്സ് എപ്പോഴാ"? ചോദിച്ചു.

"അറിയില്ലല്ലൊ" മറുപടി

ബസ്സിലെ ആളെവിളിയ്ക്കുകന്ന നരയനോട് ചോദിച്ചു "കുരുവിത്തറയ്ക്കു ബസ്സ്?

"അങ്ങോട്ടു ബസ്സില്ല" അയാൾ ചങ്കുപൊട്ടുമാറുച്ചത്തിൽ മറ്റുവഴിയ്ക്കുള്ള, ആളെ വിളിച്ച് ആൾക്കൂട്ടത്തിൽ പരതി നടന്നു.

ഇപ്പോൾ ബസ്സില്ലെന്നൊ? അങ്ങോട്ട് തീരെയില്ലെന്നോ? ഉത്തരം വ്യക്തമാക്കാൻ നരയനു നേരമില്ല.

സമയം പോകുന്നു. ഒന്ന്, രണ്ട് –



മൂന്ന് – ഓട്ടോറിക്ഷക്കാരെ മാറി മാറി സമീപിച്ചു. ചോദിച്ചു "കുരുവിത്തറയ്ക്ക്"–

"അങ്ങോട്ടു പോകുന്നില്ല", ഓരേ സ്വരത്തിലുള്ള മറുപടി.

ബസ്സിറിങ്ങി വരുന്നതാരാണ്. ഏതോ കണ്ടുമറന്ന മുഖം. വെളുത്ത നെറ്റിയിലെ ചുമന്നമറുക് – അതെ, പഴയസഹപാഠി സോമശേഖരൻ തന്നെ, അവൻെറ വീട് കുരുവിത്തറയിലായിരുന്നു.

"എടൊ, സോമൻ" സോമൻ സൂക്ഷിച്ചു നോക്കി.

"ഞാൻ തന്നെയാണെടൊ – ജെയിംസ്"

"ഹലോ ജെയിംസ്, നീ ആകെപ്പാടെ മാറിപോയിരിയ്ക്കുന്നു. കുശലപ്രശ്നങ്ങൾ, ക്ഷേമന്വേഷണങ്ങൾ–

"എടൊ സോമാ ഇനി കരുവിത്തറയ്ക്കുള്ള ബസ്സ്, ഞാൻ ഉച്ചമുതൽ കാത്തുനില്പാൻ,"

"ഓ – ആ കാര്യം പറയണ്ട. ഇതുവരെയും ബസ്സ് ഓടി തുടങ്ങിയിട്ടില്ല. ഓട്ടോറിക്ഷക്കാർ പോലും വരില്ല. റോഡിൻെറ ഗുണം. പഴമുക്കിൽ ചെന്നാൽ ജീപ്പുകിട്ടും. അങ്കിളിൻെറ ശവസംസ്കാരത്തിനാണെങ്കിൽ പോകേണ്ട. അതുകഴിഞ്ഞാട്ടാ ഞാൻ വരുന്നത്."

"നാലു മണിയ്ക്കല്ലെ. മണിമൂന്നല്ലേ ആയിട്ടുള്ളു"

"സംഗതി ശരിയാ, പക്ഷെ മൂന്നെണ്ണം ചില്ലുമുറിയിലാ, ആളുകളെല്ലാം അങ്ങോട്ടു പോകുന്നതിനു തിരക്കു പിടിച്ചു.

"ഉം. എന്താ സംഭവം."

"ഒന്നും പറയണ്ട ചങ്ങാതി മരിച്ചറിയിപ്പിനു പോയ കാറ്, ഇന്നു പുലർച്ച ട്രാൻസ്പോർട്ട് ബസ്സുമായി കൂട്ടിയിടിച്ചു തകർന്നു. ഇടിയുടെ ആഘാതം മൂന്നുപേരും തൽക്ഷണം മരിച്ചു. കാറ് പപ്പടം തകർന്നതുപോലെയായിയെന്നാ കേട്ടത്. ഞാനും അങ്ങോട്ടു പോകുവാ" സോമൻ പോയി.

ഒന്നു നടുങ്ങി – ദൈവമെ സ്തോത്രം മനസ്സിൻെറ തുടിപ്പുകൾ. ഗ്രാമത്തിലേയ്ക്കുള്ള ബസ്സ് വന്നു. കയറി സീറ്റിലിരുന്നു. ബസ്സ് പുറപ്പെട്ടു. മനസ്സ് മന്ത്രിച്ചു. "ഇനി കുരുവിത്തറയ്ക്ക് എന്നാണ് ബസ്സ്? എന്തിനാണ്?

കുഞ്ഞുണ്ണി

എന്റെ നിനക്ക്

● ഒരു തുമ്പ്
ആ തുമ്പൊരു വാലിൻെറ
ആ വാലൊരു പയ്യിൻെറ
ആ പയ്യ് നിൻെറ
നീയെൻെറ
അതിനാൽ
നിൻെറ പയ്യിൻെറ വാലിൻെറ തുമ്പെൻെറ

● വരപോൽ വരമായ്
മനോഹരമാ-
യെനിക്കുള്ളതീശ്വരൻ മാത്രം

● ആദ്യാനുരാഗം പലപ്പോഴുമന്ധമാ-
മാകയാൽ വേളിയിലെത്തിച്ചിടൊല്ലത്

● ഇവിടെയെനിക്കു സുഖം
അവിടെ നിനക്കു സുഖം
എവിടെയുമെവർക്കും സുഖം
ഇങ്ങനെയായിരുന്നെങ്കിലീലോക-
മിങ്ങനെ നന്നായിക്കൊണ്ടിരിക്കുമായിരുന്നില്ല.

● പറയണമെന്നും തോന്നുന്നില്ല
പറയേണ്ടെന്നും തോന്നുന്നില്ല
ചെയ്യണമെന്നും തോന്നുന്നില്ല
ചെയ്യേണ്ടെന്നും തോന്നുന്നില്ല
ഇങ്ങനെയായാലെന്താണാവോ
ചെയ്യുകയെന്നും തോന്നുന്നില്ല

● കാട്ടിക്കൂട്ടരുത്
കാട്ടിൽ കൂട്ടരുത്
വീട്ടിൽ പിട്ടരുത്
റോട്ടിൽ തട്ടരുത്

● എൻ മനസ്സിൽ പിൻനിരയി-
ലൊടുക്കത്തെയിരിപ്പിട-
മാണെനിക്കേകിയിരിക്കുന്നതു ഞാൻ

● വാർധകമിന്നലെയിൽ വാഴും
യൗവനമിന്നിൽ വാഴും
കൗമാരം നാളെയിൽ വാഴും
ശൈശവം മാത്രം തന്നിൽ വാഴും

● ഹംഗീതം പോയേ
സംഗീതമെത്തൂ
(ഹംഗീതം - അഹംഗീതം)

● ഭ്രാന്തു മാറുവാനാശ
ഭ്രാന്തനില്ലല്ലോ തെല്ലും

● എന്നിൽനിന്നോ വന്നൊരിന്ന്
എന്തിനായോ വന്നൊരിന്ന്
എന്നിലെന്നും നിന്നുവെന്നാ-
ലെന്തു ചെയ്യും ഞാ-
നെന്നുപോകും ഞാൻ

KERALA STATE CO-OPERATIVE AGRICULTURAL AND RURAL DEVELOPMENT BANK LTD.

P. B. No. 56, THIRUVANANTHAPURAM.

Phone : 78595 Telegram : LANDBANK Telex : 0435-276

THE PIONEER INSTITUTION AMONG THE APEX CO-OPERATIVES FOR LONG TERM CREDIT.

We finance agriculturists through 44 affiliated primary Co-operative Agricultural Development Banks in the state, for Development of Agriculture and allied activities.

FINANCIAL POSITION AS ON 31.3.1993

Particulars	Loan outstanding as on 31.3.1993 (Rs. in lakhs)	Loans issued during Financial Year 1992-93 (Rs. in lakhs)
Ordinary Loans	8,880.57	1,242.17
Scheme	16,537.12	2,724.63
Non-farm	4,897.08	1,844.58
Rural Housing	6,796.44	1,135.49
	37,111.21	6,946.87

SPECIAL DEVELOPMENTS LOANS FOR :

- *Development of Minor Irrigation facilities (Well, pumpsets, etc.)*
- *Cultivation of Cash crops like coconut, rubber, cashew, coffee, tea, cocoa, cardamom, pepper, betelvine, etc.*
- *Promotion of dairying*
- *Fisheries (Prawn culture)*
- *Sericulture*
- *Land Development (Soil Conservation, Land Reclamation etc.)*
- *Farm Mechanisation*
- *Financial scheme for tribals and small farmers with the active support of Government agencies.*
- *Financing for non-farm Sector, IRDP*
- Financing for Rural Housing, etc.

For further details please contact the Regional Offices at :

THIRUVANANTHAPURAM, KOLLAM, PATHANAMTHITTA, ALAPPUZHA, KOTTAYAM, IDUKKI, ERNAKULAM, THRISSUR, PALAKKAD, MALAPPURAM, KOZHIKODE, KANNUR, KASARAGOD.

Adv. K. SIVADASAN NAIR
President

T. R. GOPALAKRISHNAN, I.A.S.
Managing Director

ഭാരതീയ സംഗീതത്തിൻെറ ഉൽഭവവും വളർച്ചയും

പ്രൊഫ. കെ. ബാലകൃഷ്ണൻ

സംഗീതം എത്ര ദിവ്യമായ ഒരു നുഭൂതി മനസ്സിനും കാതിനും ബുദ്ധിക്കും സമാധാനവും സംതൃപ്തിയും തരുന്ന ഒരു വികാരം. അത് മനുഷ്യനെ നിർവചിക്കാനാവാത്ത ഒരു മേഖലയിലേക്ക് കൊണ്ടുപോകുന്നു. അതിനു ദേശമില്ല, കാലമില്ല, ഭാഷയില്ല. സംഗീതത്തിൻെറ ഭാഷ എല്ലാവർക്കും മനസ്സിലാകും. അക്കാര്യത്തിൽ പാശ്ചാത്യനെന്നോ, ഭാരതീയനെന്നോ, ആഫ്രിക്കക്കാരനെന്നോ ഗൾഫ് നാട്ടുകാരനെന്നോ ഭേദമില്ല. ഇത്രയും മഹത്തരമായ സംഗീതത്തിൻെറ ഉൽഭവത്തെപ്പറ്റി ഭാരതീയ പശ്ചാത്തലത്തിൽ ചിന്തിക്കുന്നത് അപ്രസക്തമല്ലെന്ന് തോന്നുന്നു.

നമ്മുടെ മാതൃഭൂമിയായ ഭാരതത്തിൻെറ സംസ്കാരത്തിൻെറ അടിത്തറ വേദങ്ങളിലാണ് എന്ന് പരക്കെ വിശ്വസിക്കുന്നു. വേദം എന്ന വാക്കിൻെറ അർത്ഥം അറിവ് അഥവാ ജ്ഞാനം എന്നാണ്. അതായത് വേദം എന്നാൽ അറിവ് എന്ന് ചുരുക്കം. ഈ അറിവ് പഞ്ചേന്ദ്രിയങ്ങളിൽ നിന്നും കിട്ടുന്ന ഒന്നല്ല. ഇന്ദ്രിയങ്ങൾക്കും മനസ്സിനും എത്തിച്ചേരുവാൻ കഴിയാത്ത ഈ രൂപത്തെ ഇംഗ്ലീഷിൽ Intuition എന്നു പറയുന്നു.

സംഗീതത്തെപ്പറ്റി ഈശ്വരൻ തന്നെ പറയുന്നത് "വേദാനാം സാമവേദോസ്സ്മി" എന്നാണ്. അതായത് "ഗാനമധുരം നിറഞ്ഞ സാമവേദസ്വരൂപനാണ് ഞാൻ" എന്നാണ് ഇതിന് ഭഗവാൻ അർത്ഥം കൽപ്പിച്ചിരിക്കുന്നത്. ഇതിൽ നിന്ന് നമുക്ക് മനസ്സിലാകുന്ന ഒരു വസ്തുത എന്താണെന്ന് ചോദിച്ചാൽ സംഗീതം സാമവേദത്തിൽനിന്ന് പരിപൂർണ്ണമായി ഉദയം ചെയ്തിരിക്കുന്നു എന്നാണ്. ഇക്കാര്യം ഭരതമുനിയും അർത്ഥശങ്കയില്ലാതെ പറഞ്ഞിട്ടുണ്ട്.

എന്തുകൊണ്ട് സംഗീതത്തിന് ആചാര്യന്മാർ ഇത്രമാത്രം പ്രാധാന്യം കൽപിച്ചു. അതിന് പണ്ഡിതന്മാരേയും പാമരന്മാരെയും, യുവാക്കളെയും, വൃദ്ധരേയും, ശിശുക്കളെയും എന്തിനേറെ പറയുന്നു മൃഗങ്ങളേയും ചെടികളേയും പോലും ആകർഷിക്കാനുള്ള കഴിവുണ്ട്.

"പശുർവേണി ശിശുർ വേണി
വേത്തിഗാന രസംഫണി"

അതായത് സംഗീതകലയ്ക്ക് എല്ലാ ജീവജാലങ്ങളേയും ആകർഷിക്കാൻ കഴിവുണ്ട്. ഒരു പാമ്പാട്ടിക്ക് തൻെറ മകുടിയുടെ സഹായത്താൽ ഉഗ്രവിഷമുള്ള പാമ്പിനെപ്പോലും സ്വന്തം വരുതിയിൽ നിറുത്തുവാൻ സാധിക്കുന്നു. ശ്രീകൃഷ്ണൻെറ ഓടക്കുഴൽ നാദത്തിന് പശുക്കളെ ആകർഷിക്കാൻ സാധിച്ചിരുന്നു എന്നുള്ള വസ്തുത നമുക്കറിയാം.

കലകളെ സാധാരണകലകൾ എന്നും സുകുമാരകലകൾ എന്നും പൊതുവെ രണ്ടായി തിരിച്ചിരിക്കുന്നു. സുകുമാരകലകളാണ് മനുഷ്യനിൽ സനന്ദവ്യവബോധം വരുത്തിയിരിക്കുന്നത്. സംഗീതം ഈ വിഭാഗത്തിൽപ്പെടുന്നു. കലകളെ വീണ്ടും ദൃശ്യകല, ശ്രവ്യകല എന്നു രണ്ടായി തിരിക്കാം. സംഗീതം ശ്രവ്യകല വിഭാഗത്തിൽപ്പെടുന്നു.

സംഗീതത്തിൻെറ ഉൽഭവത്തെപ്പറ്റി ഇനി നമുക്ക് അൽപം ചിന്തിക്കാം. അതി പ്രാചീനകാലം മുതൽ തന്നെ ശബ്ദങ്ങളുടേയും ആംഗ്യങ്ങളുടെയും സഹായത്താൽ ആശയപ്രകാശനം നടത്തുന്നതിന് ദൈവത്തിൻെറ ഏറ്റവും മഹത്തായ സൃഷ്ടിയായ മനുഷ്യന് കഴിഞ്ഞിരുന്ന സംഗീതത്തിൻെറ എല്ലാ അംഗങ്ങളും അവനിൽ ഉൾക്കൊണ്ടിരിക്കുന്നു. അവൻെറ ഹൃദയത്തിൻേറയും ശ്വാസകോശത്തിൻേറയും ക്രമം തെറ്റാതെയുള്ള ചലനം അഥവാ മിടിപ്പ് മനുഷ്യനിൽ താളത്തെപ്പറ്റി ഉദാത്തമായ സങ്കൽപ്പവും ബോധവും നൽകി. പ്രകൃതിയിൽ കേൾക്കുന്ന വിവിധ ശബ്ദങ്ങൾ അതായത് പക്ഷികളുടെ കളകൂജനങ്ങൾ, കാറ്റിൻെറ മർമ്മരം, മുളങ്കാട്ടിൽ കാറ്റടിക്കുമ്പോഴുണ്ടാകുന്ന ചൂളംവിളി, മൃഗങ്ങളുടെ ശബ്ദങ്ങൾ ഇവയെല്ലാം മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന സംഗീതാസ്വാദനശേഷി വളർത്തിയെടുക്കുന്നതിൽ അമൂല്യമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. ജീവിതായോധത്തിന് ആവശ്യമായിട്ടുള്ളവ സമ്പാദിക്കുന്നതിനും കൈമാറുന്നതിനുമുള്ള ശ്രമങ്ങളുടെ ഫലമായി ആശയവിനിമയം നടത്തുന്നതിന് ആവശ്യമായ ഭാഷ ഉണ്ടായി. അത് മനുഷ്യനെ ജീവിതക്ലേശങ്ങളിൽ നിന്ന് ഒരു പരിധിവരെ അകറ്റിനിറുത്തുന്നതിന് സഹായകമായി. അതിൻെറ ഫലമായി അവൻെറ മനസ്സിനും, ശരീരത്തിനും, ബുദ്ധിക്കും അവനറിയാതെതന്നെ അവാച്യമായ ഒരു ആനന്ദാനുഭൂതിയും നിർവൃതിയുമുണ്ടായി. ഈ വികാരങ്ങൾ അവനെ കൂട്ടായി ആസ്വദിക്കുന്നതിനും അതുവഴി കൂടുതൽ ഫലം നേടുന്നതിനും പ്രചോദനമേകി, ഈ കഴിവുകളെ പരമാവധി വികസിപ്പിച്ചെടുക്കുന്ന കാര്യത്തിൽ സംഗീതം വളരെയധികം മനുഷ്യനെ സഹായിച്ചിട്ടുണ്ട്. നൃത്തം, സംഗീതം, കവിത എന്നീ മൂന്നു വിഭാഗങ്ങളും ഏതാണ്ട് ഒന്നായിട്ടാണ് ആരംഭിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. കൂട്ടായ കായിക അദ്ധ്വാനത്തിലേർപ്പെടുമ്പോൾ അതുമൂലമുണ്ടാകുന്ന ശാരീരികവും മാനസികവുമായ ക്ലേശങ്ങളിൽ നിന്നും മോചനം നേടുന്നതിനുവേണ്ടി അവൻ താളനിബദ്ധമായി ശരീരം ചലിപ്പിക്കുന്നത് അതിൻെറ ഉറവിടമായി കരുതുന്നു. ഈ ചലനങ്ങൾ ഒരേ താളത്തിലും രൂപത്തിലും ഭാവത്തിലും അവൻ അറിയാതെത്തന്നെ ഒരേ സമയത്ത് ഒരേപോലെ സ്വാഭാവികമായി ഉണ്ടാകുന്നു.



ദൈവപ്രീതിക്കുവേണ്ടി ആദിമമനുഷ്യൻ നടത്തിവന്ന പൂജാദികർമ്മങ്ങളു

ടെ പാശ്ചാത്തലത്തിലാണ് പ്രാകൃതസംഗീതം ഭാരതത്തിൽ ഉൽഭവിച്ച് അഭിവൃദ്ധി പ്രാപിച്ചതെന്ന് കർണ്ണാടക സംഗീതശാസ്ത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ആദ്യമെല്ലാം മന്ത്രോച്ചാരണം ഒരേ മട്ടിൽത്തന്നെയാണ് നടത്തിയിരുന്നത്. അത് മുഷിപ്പനായി തോന്നാൻ തുടങ്ങിയപ്പോൾ വ്യത്യസ്ത സ്ഥായികളിൽ സംഗീതാത്മകമായി മന്ത്രം ചൊല്ലാൻ തുടങ്ങിയപ്പോൾ അത് കർണ്ണാനന്ദമായി തോന്നിത്തുടങ്ങി.

ആർഷഭാരതത്തിൽ സംഗീതത്തിന്റെ ആരംഭകാലം വേദകാലമാണെന്ന് നാം കണ്ടു കഴിഞ്ഞു. വേദം ഗുരുമുഖത്തുനിന്ന് കേട്ടുപഠിക്കേണ്ടതായിതിനാൽ അതിനെ ശ്രുതി എന്നു പറയാൻ തുടങ്ങി. സ്വനങ്ങളുടെ നിരയാണ് രാഗം. സ്വനങ്ങളുടെ സാങ്കേതിക നാമമാണ് ശ്രുതി. ഇന്നത്തെ ശാസ്ത്രീയ സംഗീതത്തിന്റെ ഉറവിടം സാമഗാനമായിരുന്നുവെന്ന് സംഗീതചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

സംഗീതത്തിന്റെ ആദ്യകാലഘട്ടത്തിൽ ആദ്യം രണ്ടു സ്വരങ്ങൾ മാത്രമാണ് കണ്ടുപിടിച്ചത്. അവയ്ക്ക് ഉദാത്തം, അനുദാത്തം എന്നു പേരിട്ടു. മദ്ധ്യസ്ഥായായിലുള്ളത് ഉദാത്തം. കീഴ്സ്ഥായിയിലുള്ളത് അനുദാത്തം. പിൽക്കാലത്ത് ഇവയ്ക്ക് രണ്ടിനുമിടയിൽ സ്വരിതം എന്ന പേരിൽ ഒരു സ്വരം കണ്ടുപിടിക്കപ്പെട്ടു. അചിരേണു വേറേയും സ്വരങ്ങൾ കണ്ടുപിടിക്കപ്പെട്ടു. ഇങ്ങനെ പടിപടിയായി സംഭവിച്ച പരിണാമങ്ങളിലൂടെയാണ് സപ്തസ്വരാധിഷ്ഠിതമായ സംഗീത സമ്പ്രദായം ഉടലെടുത്തതെന്ന് ശാസ്ത്രീയ സംഗീത ചരിത്രകാരന്മാർ പറയുന്നു.

നല്ലഗീതം അഥവാ സമ്യക്തമാകുന്ന ഗീതം എന്ന അർത്ഥത്തിലാണ് സംഗീതം എന്ന വാക്ക് അഥവാ പദം ഉണ്ടായത്. മൂന്നു സ്വരങ്ങളിലൂടെയുള്ള സംഗീതം നിലനിന്നുപോന്ന കാലഘട്ടത്തിനെ ഋഗ്വേദകാലഘട്ടം എന്നു പറയുന്നു. ഏറ്റവും താണ സ്ഥായിയിലുള്ള 'നി' എന്ന സ്വരം അനുദാത്തവും മദ്ധ്യസ്ഥായിലുള്ള 'സ' സ്വരിതവും അടുത്ത് മേൽസ്വരമായ 'രി' ഉദാത്തവുമായിരുന്നു. അങ്ങനെ ആദ്യകാലഘട്ടത്തിലെ സംഗീതം നി, സ, രി' എന്നീ മൂന്നു സ്വരങ്ങളിൽ മാത്രം നിബദ്ധമായിരുന്നു. മനുഷ്യകണ്ഠത്തിന്റെ കഴിവും ശ്രോത്രേന്ദ്രിയത്തിന്റെ സുഖതൃഷ്ണയും വളർന്നതോടൊപ്പം 'ഗ, ധ' എന്നീ രണ്ടുസ്വരങ്ങൾകൂടി ഉൾപ്പെടുത്തി 'ഗ, രി,സ,നി,ധ' എന്നിങ്ങനെ അഞ്ചുസ്വരങ്ങൾ ഉണ്ടായി.

സാമഗാനം ആദ്യം പാടിയിരുന്നത് ഈ അഞ്ചുസ്വരങ്ങളിലായിരുന്നു. ഈ കാലഘട്ടത്തെ സാമഗാന കാലഘട്ടമെന്നു പറയാം. ഈ സ്വരപഞ്ചകം വീണ്ടും കാലാന്തരത്തിൽ 'മ, പ' എന്നീ രണ്ടു സ്വരങ്ങൾകൂടി ഉൾപ്പെടുത്തി 'മ,ഗ,രി,സ,നി,ധ,പ' എന്നീ സപ്തസ്വരങ്ങളുടങ്ങിയ ഒരു സ്വരസമൂഹമായിത്തീർന്നു. സാമഗാനത്തിന്റെ പരിഷ്കൃതരൂപമായ സാമസപ്തകം എന്ന പേരിലറിയപ്പെടുന്ന ഈ സപ്തസ്വരസംഗീതത്തിന്റെ ഉൽഭവം വളരെക്കാലം നീണ്ടുനിന്ന സംഗീതപരമായ അഭിവൃദ്ധിയുടെ ഫലമാണ്. സാമഗാനം പരമ്പരയായി വായ്മൊഴി രൂപത്തിൽ ആരംഭിച്ച് തുടർന്നുവന്നതുകൊണ്ട് ആ സമ്പ്രദായം തന്നെ ഇന്നും നിലനിൽക്കുന്നു. സാമകാലഘട്ടത്തെ പരിഷ്ക്കരിച്ച് നിലവിൽ വന്ന കാലഘട്ടത്തിന് ഉപനിഷത് കാലഘട്ടം എന്നും പറയുന്നു.

സാമഗാനത്തിന് സപ്തസ്വരങ്ങളുമായി ബന്ധമുണ്ട്. ഈ സാമഗാനത്തിലാണ് നമ്മൾ ആദ്യമായി ഏഴുസ്വരങ്ങൾ പൂർണ്ണമായികേട്ടു തുടങ്ങിയത്. സപ്തസ്വരങ്ങളുടെ വിസ്തൃതരൂപങ്ങളാണ് ഏകവിംശതിസ്വരങ്ങൾ.

'മ, ഗ, രി, സ – സ, നി, ധ, പ' എന്നിവ അവരോഹണക്രമത്തിൽ രണ്ടു വ്യത്യസ്തസ്ഥായികളിൽപ്പെട്ട ഒരേ രീതിയിലുള്ള രണ്ടു സ്വരസമൂഹങ്ങളാണ്. ഇങ്ങനെ സാമഗാനം പാടുന്നതിലൂടെയായിരിക്കണം വ്യത്യസ്തസ്ഥായികളെക്കുറിച്ചുള്ള ബോധവും ധാരണയും ആദ്യമായി ഉണ്ടായത്.

നാദം, ശ്രുതി, സ്വരം, രാഗം എന്നീ നിലയിലാണ് നാം ശാസ്ത്രീയ സംഗീതത്തെപ്പറ്റി മനസ്സിലാക്കിയിരിക്കുന്നതെങ്കിലും അതിന്റെ ഉൽഭവവും വളർച്ചയും നേരെ വിപരീതമായ ഒരു ക്രമത്തിലാണ് സംഭവിച്ചിരുന്നത്. അതായത് രാഗം, സ്വരം, ശ്രുതി, നാദം എന്നീ ക്രമത്തിലായിരുന്നു. സപ്തസ്വരങ്ങൾ നിലവിൽ വരുന്നതിന് മുമ്പ്തന്നെ സംഗീതം നിലവിൽവന്നത് ഇത്തരണത്തിൽ ഓർക്കുമല്ലോ. സംഗീതം ഉൽഭവിച്ച് വളർന്നതിനുശേഷം മാത്രമാണ് അതിലടങ്ങിയ സ്വരങ്ങളേയും ശ്രുതികളേയും ഒരോ ശ്രുതിയിലുമടങ്ങിയ നാദങ്ങളെയും കുറിച്ച് മനുഷ്യൻ വിശകലനം ചെയ്യാൻ തുടങ്ങിയത്.

ഏതാണ്ട് 3000 കൊല്ലം പഴക്കമുള്ള ഒരു സംഗീത പാരമ്പര്യം ഭാരതത്തിനുണ്ട്. മറ്റേതു രാജ്യത്തേക്കാളും ഉന്നതമായ ഒരു സംഗീതപാരമ്പര്യവും നമുക്കുണ്ട് എന്നാണ് ഇത് കാണിക്കുന്നത്. നമ്മുടെ സംഗീതസമ്പ്രദായത്തിലെ ശ്രുതി. വൈവിദ്ധ്യങ്ങളും താളവൈവിദ്ധ്യങ്ങളും മികച്ച സംഗീതോപകരണങ്ങളുമെല്ലാം ഇത്തരം പ്രാചീനമായ ഒരു സംസ്കാരത്തിന്റെ തെളിവുകളാണെന്ന് മാർഗരറ്റ് കസിൻസ് തുടങ്ങിയ പാശ്ചാത്യരായ സംഗീതപ്രേമികൾ പറയുന്നത്.

പുരാതനകാലം മുതൽക്കുള്ള സംഗീതത്തെ മാർഗ്ഗസംഗീതം എന്നപേരിൽ അറിയപ്പെടുന്നു. കാലക്രമേണ, ഒരോദേശത്തും അതാതുദേശത്തെ പ്രത്യേകതകൾക്കനുസരിച്ച് സംഗീതത്തിലും മാറ്റം വന്നു. ദേശീയ സംഗീതം അഥവാ ദേശ്യസംഗീതം എന്നു പറയുന്നത് ഇതുതന്നെയാണ്. മഹർഷിമാരുടെയും മറ്റും സംഗീതം മാർഗ്ഗസംഗീതമായിരുന്നു. പണ്ടു ഭാരതത്തിലെ ഓരോ സംസ്ഥാനത്തേയും ദേശം എന്നാണ് വിളിച്ചിരുന്നത്. അതുകൊണ്ട് അതാതു സംസ്ഥാനങ്ങളിൽ നിലവിലിരുന്ന സംഗീതത്തിന് "ദേശസംഗീതം" എന്ന പേരുവന്നതെന്ന് പ്രസിദ്ധ സംഗീതശാസ്ത്രപണ്ഡിതനായ ശ്രീസാംബമൂർത്തി അഭിപ്രായപ്പെടുന്നു. അതിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗസംഗീതം വെറും വായ്പാട്ടായിരുന്നുവെന്നും അതാണ് പുരാതനസംഗീതമെന്ന് ഒട്ടുമിക്ക സംഗീത പണ്ഡിതന്മാരും കരുതുന്നു. അതാണ് ദേശീയ സംഗീതത്തിന്റെ ഉൽഭവസ്ഥാനവും കാലാന്തരത്തിൽ ഓരോ ദേശത്തേയും ആളുകളുടെ രുചിഭേദങ്ങൾക്കും കഴിവുകൾക്കുമനുസരിച്ച് വൈവിദ്ധ്യവും മാറ്റങ്ങളും വന്നപ്പോ

ഴാണ് അത് ദേശീയ സംഗീതമായി പരിണമിച്ചത്. കർണ്ണാടകസംഗീതവും ഹിന്ദുസ്ഥാനിസംഗീതവും ഈ ദേശീയ സംഗീതവിഭാഗത്തിൽപ്പെട്ടവ യാണ്.

കർണ്ണാടക സംഗീതത്തിനും ഹിന്ദുസ്ഥാനിസംഗീതത്തിനും തമ്മിൽ ആദ്യകാലഘട്ടത്തിൽ അറിയപ്പെടുന്നതരത്തിലുള്ള വ്യത്യാസങ്ങളൊന്നുമുണ്ടായിരുന്നില്ല. ഭാരതമൊട്ടുക്കും ശാസ്ത്രീയ സംഗീതവിഭാഗം ഏറെക്കുറെ ഒരേപോലെതന്നെയാണ് അറിയപ്പെട്ടിരുന്നത്. പ്രാദേശികമായ ഭേദങ്ങൾ അൽപമൊക്കെയുണ്ടായിരുന്നുവെങ്കിലും സംഗീതശാസ്ത്രം അതുകയ്യാളുന്നരീതി ഇവയെല്ലാം ഏറെക്കുറെ ഒന്നുതന്നെയായിരുന്നു. പണ്ടുകാലത്ത് ഇതരവിഭാഗങ്ങളും സാഹിത്യത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നില്ല. ഹിന്ദുസ്ഥാനി സംഗീതത്തിൽ ഇന്നു സാഹിത്യത്തിന് വലിയ പ്രസക്തിയില്ല. പക്ഷേ കർണ്ണാടകസംഗീതത്തിന്റെ സ്ഥിതി ഇന്ന് തികച്ചും വ്യത്യസ്തമാണ്. ഈ വിഭാഗത്തിൽ കീർത്തനം, പല്ലവി, അനുപല്ലവി, ചരണങ്ങൾ എന്ന നിലയിലുള്ള സമ്പ്രദായം നടപ്പിൽ വന്നിട്ട് വളരെകാലങ്ങളായി. അതോടൊപ്പംതന്നെ അവയെല്ലാം മികച്ച സാഹിത്യസൃഷ്ടികളാണെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്.

മനുഷ്യൻ അക്ഷരങ്ങളുടേയും വാക്കുകളുടേയും സാഹായത്തോടുകൂടി ആശയങ്ങളും വികാരങ്ങളും അന്യോന്യം കൈമാറുന്നു. ഇതാണ് സാഹിത്യഭാഷ, സംഗീതത്തിൽ സ്വരങ്ങളുടെ സഹായത്തോടെയാണ് ആശയപ്രകടനം നടത്തുന്നത്. ഇതിനെ നാദഭാഷ എന്നു പറയുന്നു. സംഗീതം നാദ ഭാഷയാണ് മനുഷ്യന് തന്റെ എല്ലാ വികാരങ്ങളേയും സംഗീതത്തിൽകൂടി പ്രകടിപ്പിക്കുവാൻ കഴിയും. ഭക്തി, കോപം, താപം, സന്തോഷം, ശൃംഗാരം തുടങ്ങി എല്ലാ വികാരങ്ങളേയും പ്രകടിപ്പിക്കുന്നതിന് വിവിധ രംഗങ്ങൾ സഹായിക്കുന്നു. സംഗീതം വികാരത്തിന്റെ ഭാഷയാണ്. ഒരു സംഗീതവിദ്വാൻ അവന്റെ വികാരങ്ങളെ ശബ്ദ വൈവിദ്ധ്യങ്ങളുടെ സഹായത്തോടെ ഗാനരൂപത്തിൽ പ്രകാശിപ്പിക്കുന്നു.

സംഗീതം സുകുമാരകലകളിൽ ഏറ്റവും ഉന്നതമായ സ്ഥാനത്ത് നിലകൊള്ളുന്നു. ഗീതം, വാദ്യം, നൃത്തം ഇവ മൂന്നും ചേർന്നതാണ് സംഗീതമെന്നും ഉള്ള അഭിപ്രായങ്ങൾ നിലവിലുണ്ട്.

സംഗീതം വികാരങ്ങളുടെ ഭാഷയായതുകൊണ്ട് മനുഷരെമാത്രമല്ല പക്ഷിമൃഗാദികളെപ്പോലും ആകർഷിക്കുവാൻ സാധിക്കുന്നു. മാനസിക ക്ലേശങ്ങളാൽ വീർപ്പുമുട്ടുന്ന ഒരു വ്യക്തിക്ക് ആശ്വാസം നൽകുവാൻ സംഗീതത്തിന് സാധിക്കുമെന്ന് വിശ്വസിക്കുന്നു. ഒരു കലാകാരന് അതുകൊണ്ട്തന്നെ ഒരിക്കലും ഒരു ദുഷ്ടനാകാൻ സാധിക്കുകയില്ലെന്നും വിശ്വസിക്കപ്പെടുന്നു. Music Therapy ചില രോഗങ്ങൾ ശമിപ്പിക്കുന്നതിന് സഹായകമാണെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. നല്ല സംഗീതത്തിന് ഇവിടെ ആകർഷിക്കുവാൻ സാധിക്കുമെന്നും അങ്ങിനെ കൂടുതൽ പാൽ ചുരത്തുമെന്നും അഭിപ്രായമുണ്ട്. വിളവുവർദ്ധനയ്ക്കും സംഗീതം സഹായകമാണെന്ന് കണ്ടിരിക്കുന്നു.

ഭാരതീയ സംഗീതത്തെ ലോകം മുഴുവൻ പണ്ടുകാലം മുതൽ തന്നെ അംഗീകരിച്ചിരുന്നു. ഉദാത്തം, അനുദാത്തം, സ്വരിതം എന്നീ പണ്ടത്തെ മൂന്നു സ്വരങ്ങൾ വേദങ്ങളിൽ മാത്രമല്ല ഉള്ളത്. ഗ്രീക്കുകാർ, ജൂതന്മാർ, റോമാക്കാർ, അറബികൾ മുതലായവരുടെ വേദങ്ങളിലും ഇവയുണ്ടെന്ന് സൂക്ഷ്മപരിശോധനയിൽ മനസ്സിലാകും. ലത്തീൻ ഭാഷയിൽ അവയെ Acuta, Gravis, Circumflex എന്നിങ്ങനെ പറയുന്നു. ബൈബിൾ, ഖുറാൻ എന്നീ ഗ്രന്ഥങ്ങളിലെ വരികൾ സംഗീത മധുരമായി ചൊല്ലുമ്പോൾ പലതിലും സാദൃശ്യമുള്ളതായി നമുക്ക് മനസ്സിലാക്കാം. ഇവയെല്ലാം സംഗീതത്തിന് കാലമോ, ഭാഷയോ, യാതൊന്നും തന്നെ ബാധകമല്ല എന്ന് ഒരിക്കൽക്കൂടി നമുക്ക് മനസ്സിലാക്കിതരുന്നു.

പാനീയങ്ങളിൽ പാൽ ! കാലിത്തീററകളിൽ കെ. എസ്. !

ലാഭകരമായ ക്ഷീരോല്പാദനത്തിന്

കെ. എസ്. കാലിത്തീററ

നിർമ്മാതാക്കൾ

കേരള സോൾവൻറ് എക്സ്ട്രാക്ഷൻസ് ലിമിററഡ്

ഇരിഞ്ഞാലക്കുട - 680 121

Phone : 820476
820576
820676

Grams 'SOLVENT'

Telex : 0488-820244

നസിം ഹിക്മെത്തിൻെറ രണ്ടു കവിതകൾ

കുട്ടികൾക്ക് ഒരു ഉപദേശം

കുസൃതി കാണിച്ചോളൂ, അതിലൊരു കുഴപ്പവുമില്ല
മതിലുകളിൽ പിടിച്ചു കയറിക്കോളൂ,
കിളരമേറിയ മരങ്ങളിലും കയറിക്കോളൂ.
കൈത്തഴക്കം വന്ന കപ്പിത്താനെപ്പോലെ
നിങ്ങളുടെ കൈകൾ സ്വന്തം സൈക്കിളിൻെറ ഗതി
നിയന്ത്രിക്കട്ടെ.
മൊല്ലാക്കായുടെ കോമാളിച്ചിത്രങ്ങൾ വരച്ചിടുന്ന
പെൻസിലുകൊണ്ട്
[redacted] പേജുകൾ കുത്തിക്കീറിക്കളയുക
ഈ കറുത്ത മണ്ണിൽ സ്വന്തം പറുദീസ പടുത്തുയർത്താൻ
നിങ്ങൾ പഠിക്കണം.
ആദാമിൽ നിന്നാണു സൃഷ്ടി തുടങ്ങിയതെന്ന്
പഠിപ്പിക്കുന്നവനെ
നിങ്ങൾ നിങ്ങളുടെ ഭൂഗർഭശാസ്ത്രപാഠപുസ്തകം കൊ
ണ്ടു നിശ്ശബ്ദനാക്കണം
നിങ്ങൾ ഈ ഭൂമിയുടെ പ്രാധാന്യം മനസ്സിലാക്കണം
ഭൂമി അനശ്വരമാണെന്നു വിശ്വസിക്കണം
ഭൂമിയെന്ന ഈ അമ്മയേയും പെറ്റമ്മയേയും
നിങ്ങൾ ഒന്നുപോലെ കരുതണം
അവളെ സ്നേഹിക്കുന്നത്രതന്നെ നിങ്ങൾ ഇവളെയും
സ്നേഹിക്കണം.

ഇത്തരം സ്വാതന്ത്ര്യം

നിൻെറ കണ്ണുകളുടെ സൂക്ഷ്മത നീ പാഴാക്കുന്നു,
നിൻെറ കയ്യുകളുടെ തിളങ്ങുന്ന അദ്ധ്വാനവും.
ഡസൻകണക്കിന്ന് അപ്പമുണ്ടാക്കാൻ പോരുന്ന
മാവ് നീ കുഴച്ചെടുക്കുന്നു,
അതിൽ നിന്നൊരു തരിപോലും
നിനക്ക് രുചിനോക്കാൻ കിട്ടുകയില്ല.
നീ സ്വതന്ത്രനാണ്, മറ്റുള്ളവർക്ക് അടിമവേല ചെയ്യുവാൻ
നീ സ്വതന്ത്രനാണ്, പണക്കാരനെ പിന്നെയും
പണക്കാരനാക്കുവാൻ.
നീ പിറന്നു വീഴുന്ന നിമിഷം തൊട്ടുതന്നെ
അവർ നിനക്കു ചുറ്റും നുണമില്ലുകൾ സ്ഥാപിക്കുന്നു.
ഒരായ്ഷ്ക്കാലത്തേയ്ക്കുള്ള നുണകൾ മുഴുവൻ
അവ കുത്തിവെളുപ്പിച്ചെടുക്കുന്നു
സ്വതന്ത്രമായൊരു മനഃസാക്ഷി പുലർത്താൻ
സ്വാതന്ത്ര്യമുള്ള ശിരസ്സിൽ വിരൽവെച്ച്
നിൻെറ "മഹത്തായ" സ്വാതന്ത്ര്യത്തിൽ
നീ ചിന്തിച്ചുകൊണ്ടേയിരിക്കുന്നു.
പിടലിയ്ക്കു പാതിവെട്ടുകൊണ്ടപോലെ ഒടിഞ്ഞ തലയും
നീണ്ടു തൂങ്ങിയ കയ്യുകളുമായി
നിൻെറ "മഹത്തായ" സ്വാതന്ത്ര്യവും കൊണ്ടു നീ
ചുറ്റിത്തിരിയുന്നു.
നീ സ്വതന്ത്രനാണ്.
തൊഴിലില്ലാത്തവനായിരിക്കുവാൻ നീ സ്വതന്ത്രനാണ്.
നീ പ്രഖ്യാപിച്ചേക്കും.
മനുഷ്യൻ വെറുമൊരുപകരണം പോലെ,
ഒരക്കംപോലെ, ഒരു ചങ്ങലക്കണ്ണിപോലെ ജീവിച്ചുകൂടെന്ന്
മനുഷ്യൻ ശരിക്കും മനുഷ്യനായിത്തന്നെ ജീവിക്കണമെന്ന്.
ഉടൻതന്നെ അവർ നിൻെറ കയ്യിൽ ആമം വെയ്ക്കുന്നു.
നീ സ്വതന്ത്രനാണ്, അറസ്റ്റ് ചെയ്യപ്പെടാൻ,
തടവറയിൽ തള്ളപ്പെടാൻ, തൂക്കിക്കൊല്ലപ്പെടാൻ പോലും.
നിൻെറ ജീവിതത്തിൽ ഇരുമ്പു മറയില്ല,
പലക മറയില്ല, നേർത്ത പട്ടുമറപോലുമില്ല.
സ്വാതന്ത്ര്യത്തിന്നായി പൊരുതുകപോലും വേണ്ടാത്തവിധം
നീ സ്വതന്ത്രനാണ്
എങ്കിലും ഇത്തരം സ്വാതന്ത്ര്യം
നക്ഷത്രങ്ങൾക്കു കീഴിൽ ഒരു ദുരിതം തന്നെയാണ്.

വിദ്യാഭ്യാസവും സ്കൗട്ട് പരിശീലനവും

കെ. വാസുദേവൻനായർ, എ. എൽ. റ്റി.
മുൻ സ്റ്റേറ്റ് സെക്രട്ടറി

ക്ലാസ്സ് മുറികളിൽ നിന്നു ലഭിക്കുന്ന ജ്ഞാനത്തെ പ്രവൃത്തിപദ്ധതിയിൽ വരുത്തുവാനുള്ള പ്രായോഗിക പാത്ഥാവാണ് സ്കൗട്ടിംഗിൽ സ്വീകരിച്ചിരിക്കുന്നത്. പത്ത് മണിമുതൽ നാലുമണിവരെ നാല് ചുവരുകൾക്കുള്ളിൽ നിന്നും ലഭിക്കുന്ന അറിവ് കൂടാതെ തുറസ്സായ സ്ഥലങ്ങളിൽ നിന്നു കിട്ടുന്ന അറിവാണ് യഥാർത്ഥത്തിൽ ഒരു ബാലനേയോ ബാലികയോ വഴിതെളിച്ചുവിടുന്നത്.

വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം ഡിഗ്രിയോ, ഡിപ്ലമയോ അല്ല നേരെമറിച്ച് സൽസ്വഭാവ രൂപീകരണമാണ്. സ്കൗട്ട് പരിശീലനം എന്നതിനെ രത്നചുരുക്കമായി ഇങ്ങനെ വ്യാഖ്യാനിക്കാം. ഒരു കുട്ടിയുടെ ശാരീരിക - മാനസിക ആദ്ധ്യാത്മിക ചൈതന്യങ്ങളെ തട്ടിയുണർത്തുക എന്നതാണ് സ്കൗട്ട് പരിശീലനം.

കായിക വിനോദങ്ങൾ കൊണ്ട് ശാരീരികമായും കൈത്തൊഴിൽ പരിശീലനം, നിരീക്ഷണം, എന്നിവ കൊണ്ട് മാനസികമാറ്റം രാജ്യസ്നേഹം, ദൈവഭക്തി, അനുസരണം എന്നിവകൊണ്ട് അദ്ധ്യാത്മികമായും പരിശീലനം ലഭിക്കുന്നു. ദ്ാളങ്ങളായ് പിരിച്ച് പരിശീലനം നൽകുന്ന സ്കൗട്ടിംഗിൽ ഓരോ സ്കൗട്ടുനെയും വ്യക്തിപരമായി ശ്രദ്ധിക്കുവാൻ ഒരു സ്കൗട്ട് മാസ്റ്റർക്ക് സാധിക്കും.

